| | |
|---|---|
| നം.കെ.എസ്.എ.പി10/1298(എ)/2018 | തീയ്യതി: 16.10.2018 |

പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രാമപ്പഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994-**ലെ കേരളാ പഞ്ചായത്ത് രാജ് നിയമം **-** വകുപ്പ് **215(4), 1994-**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **-** വകുപ്പ് **13, 1996-**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**
പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപ്പഞ്ചായത്ത് 30.06.17 മുതൽ 31.08.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപ്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.
സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.09.2018 മുതൽ 19.09.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ. സി. അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)<br>ശ്രീമതി സൂര്യപ്രഭ പി.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ജയപ്രഭ പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. സുനിൽകുമാർ യു.എസ്സ്, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി കുഞ്ഞന്നാമ്മ കുഞ്ഞ് | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ എം.ആർ.ശ്രീധരനുണ്ണിത്താൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി ശാരദ.ജെ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ | ശ്രീമതി ലളിത രവീന്ദ്രൻ | 01.04.2017 മുതൽ 31.03.2018 |

| | | |
|---|---|---|
| സ്റ്റാന്റിംഗ് കമ്മിറ്റി | | വരെ |
| ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ. എൻ.കെ.ഉദയകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ ജോഷ്വാ ജേക്കബ് | 01.04.2017 മുതൽ 31.03.2018 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം **1:** പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം **2:** വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപ്പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **3:** ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപ്പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം:

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2017-18
4. റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2017-18

ഉള്ളടക്കം

| ക്രമ നം. | ഇനം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം **1:** ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | |
| 1. | ബജറ്റ് | 1-1 |
| 2. | വാർഷിക ധനകാര്യപത്രിക | 1-2 |
| 3. | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4. | സാമ്പത്തിക വിശകലനം | 1-4 |
| 5. | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 |
| 6. | പദ്ധതി അവലോകനം | 1-6 |
| 7. | തനത് വരുമാനം | 1-7 |
| 8. | സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം | 1-8 |
| 9. | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10. | ആഭ്യന്തര നിയന്ത്രണം | 1-10 |

| | | |
|---|---|---|
| 11. | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12. | വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം - അവലോകനം | 1-12 |
| 13. | വാർഷിക കണക്കിലെ അപാകതകൾ | 1-13 |
| | ഭാഗം **2:** വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 14. | ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം | 2-1 |
| 15. | വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുത്ത നടപടി ശ്ലാഘനീയം | 2-2 |
| 16. | തൊഴിൽനികുതി/സ്ഥാപന നികുതി ഈടാക്കിയില്ല | 2-3 |
| 17. | മിനിമം വേതനം നൽകുന്നില്ല -നികുതി വരുമാനത്തിൽ കുറവ് | 2-4 |
| 18. | സ്വയം തൊഴിൽ സംരംഭങ്ങൾ നടത്തുന്ന കുടുംബശ്രീ യൂണിറ്റുകൾ ലൈസൻസ് എടുക്കുന്നില്ല | 2-5 |
| 19. | പാരാമെഡിക്കൽ സ്ഥാപനങ്ങൾ യഥാസമയം ലൈസൻസ് പുതുക്കുന്നില്ല | 2-6 |
| 20. | പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പാക്കിയില്ല | 2-7 |
| 21. | ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാല താമസം | 2-8 |
| | ഭാഗം **3:** ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 22. | വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി - അവലോകനം | 3-1 |
| 23. | ലാന്റ് അക്വിസിഷൻ കേസുകൾ തീർപ്പാക്കാൻ വൈകുന്നു ; ബാധ്യത പെരുകുന്നു | 3-2 |
| 24. | 9.82 ലക്ഷം രൂപ മുൻകൂറായി നൽകിയെങ്കിലും പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് നാളിതുവരെ സ്ഥാപിച്ചില്ല | 3-3 |
| 25. | തെരുവ് വിളക്ക് മെയിന്റനൻസ്-കൂലിയിനത്തിൽ അധികം നൽകിയത് 1.68 ലക്ഷം രൂപ | 3-4 |
| 26. | നിലവിലില്ലാത്ത ബൾബുകൾക്ക് താരിഫ് നൽകുന്നു - പ്രതിവർഷ നഷ്ടം 7.3ലക്ഷം രൂപ | 3-5 |
| 27. | പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 3-6 |
| 28. | സർക്കാർ അനുമതി വാങ്ങാതെ ഡ്രൈവറെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചു | 3-7 |
| 29. | ഖരമാലിന്യസംസ്കരണപ്ലാന്റ് തുടർ പ്രവർത്തനം; നിർവ്വഹണത്തിലെ അപാകതകൾ | 3-8 |
| 30. | കാർഷിക സഹായകേന്ദ്രം നാളിതുവരെ പ്രാവർത്തികമായില്ല; സർക്കാർ ഫണ്ട് 50000 രൂപ പാഴായി | 3-9 |
| 31. | സേവന നികുതി - ഒഴിവാക്കിയ വർക്ക് കോൺട്രാക്ട് സേവനങ്ങൾക്ക് തുക വകയിരുത്തി പിൻവലിച്ചു- ഒടുക്കേണ്ട വർക്ക് കോൺട്രാക്ട് സേവനങ്ങൾക്ക് സേവന നികുതി യഥാസമയം ഒടുക്ക് വരുത്തിയില്ല | 3-10 |
| 32. | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല | 3-11 |
| 33. | പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 3-12 |

| | | |
|---|---|---|
| 34. | കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷന് തുക വകയിരുത്തിയില്ല - പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധം | 3-13 |
| 35. | മുപ്പത്തിയാറ് ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല | 3-14 |
| 36. | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ :-ഡെപ്പോസിറ്റ് തുക നാളിതുവരെ കെ.എസ്.ഇ.ബി-യ്ക്ക് ലഭിച്ചിട്ടില്ല | 3-15 |
| 37. | എബിസി പ്രോഗ്രാം വിനിയോഗ രേഖകൾ ലഭ്യമായില്ല | 3-16 |
| 38. | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ടെൻഡർ കൂടാതെ ഉപകരണങ്ങൾ വാങ്ങി | 3-17 |
| 39. | ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | 3-18 |
| 40. | പി.എച്ച്.സിയ്ക്ക് മരുന്നുവാങ്ങൽ– പദ്ധതിയിലെ അപാകതകൾ | 3-19 |
| 41. | ഗ്രാമതല സ്പോർട്ട്സ് കൗൺസിലുകൾ രൂപീകരിച്ചിട്ടില്ല | 3-20 |
| 42. | രജിസ്ട്രേഷൻ ഇല്ലാത്ത ക്ലബ്ബുകൾക്ക് കായിക ഉപകരണങ്ങൾ വിതരണം ചെയ്തു | 3-21 |
| 43. | പൊതുവിദ്യാഭ്യാസം പുത്തനുണർവ്വിൽ–ലഘു അവലോകനം | 3-22 |
| 44. | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, പദ്ധതി നിർവ്വഹണവും | 3-23 |
| 45. | ഭവനനിർമ്മാണത്തിന് ഭൂമി വാങ്ങൽ എസ്.സി.പി ഫണ്ട് 28.55 ലക്ഷം രൂപ പാഴായി | 3-24 |
| 46. | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകി | 3-25 |
| 47. | ആശ്രയ പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല- 51.64 ലക്ഷം രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നു | 3-26 |
| 48. | സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ലഭിച്ച ഫണ്ട് വിനിയോഗം കാര്യക്ഷമമല്ല | 3-27 |
| | ഭാഗം **4:** പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 49. | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 50. | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 51. | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 52. | വായ്പ തിരിച്ചടവിന്റെ വിവരം | 4-4 |
| 53. | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 54. | ഓഡിറ്റ് റിക്കവറി | 4-6 |
| 55. | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 56. | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4-8 |
| 57. | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 58. | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2017-18-ലെ ബജറ്റ് പാസ്സാക്കിയ നം./തീയ്യതി | 1/28.03.2017 |
| ബജറ്റ് പുതുക്കിയത് | 26.02.2018 |

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം (+/-) |
|---|---|---|---|
| മുന്നിരിപ്പ് | 17703150 | 23682693 | -5979543 |
| വരവ് | 167696000 | 74453919 | 93242081 |
| ആകെ | 185399150 | 98136612 | 87262538 |
| ചെലവ് | 176867000 | 84277027 | 92589973 |
| നീക്കിയിരിപ്പ് | 8532150 | 13859585 | -5327435 |

ബജറ്റിൽ പ്രതീക്ഷിത വരവ് ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള വരവ് ചെലവ് കണക്കുകളും തമ്മിലുള്ള ഗണ്യമായ വ്യതിയാനം ഉണ്ടെന്ന് മേൽ കണക്കുകൾ വ്യക്തമാക്കുന്നു. മുൻവർഷത്തെ വരവ് ചെലവ് കണക്കുകളും, പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതിയും ആധാരമാക്കിയല്ല ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്തിലെ സാമ്പത്തിക നിയന്ത്രണത്തിനുള്ള ഉപാധിയാണ് ബജറ്റ്. ബജറ്റിൽ കാണിച്ചിട്ടുള്ള പെരുപ്പിച്ച വരവ് ചെലവ് കണക്കുകൾ ശരിയായ സാമ്പത്തിക നിയന്ത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

അടുത്ത സാമ്പത്തിക വർഷം സ്ഥാപനത്തിൽ ലഭിക്കാനുള്ള തനത് വരവ് ഇനങ്ങളെ സമഗ്രമായി അപഗ്രഥിച്ചുവേണം ബജറ്റിൽ പ്രതീക്ഷിത വരവ് തുക കണക്കാക്കേണ്ടത്. എന്നാൽ അശാസ്ത്രീയമായി ബജറ്റ് തയ്യാറാക്കിയതിനാൽ ബജറ്റ് നിർദ്ദേശങ്ങളും യഥാർത്ഥ ഡിമാന്റും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥ തുക | വ്യത്യാസം (-/+) |
|---|---|---|---|
| വരവ് | | | |
| വസ്തു നികുതി | 6000000 | 5074588 | 925412 |
| തൊഴിൽ നികുതി | 1500000 | 1216110 | 283890 |
| വാടക | 345000 | 245097 | 99903 |
| ഡി.&ഒ. ലൈസൻസ് | 100000 | 41500 | 58500 |
| ചെലവ് | | | 0 |
| ഭരണ ചെലവുകൾ | 2630000 | 1413856 | 1216144 |
| സേവന മേഖല | 59350000 | 6102791 | 53247209 |
| പശ്ചാത്തല മേഖല | 6900000 | 2727991 | 4172009 |

ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തിട്ടില്ല. നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്ക് സെക്രട്ടറി സമർപ്പിച്ചിട്ടില്ല. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചല്ല കരട് ബജറ്റ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തയ്യാറാക്കിയിട്ടുള്ളതെന്ന് ബജറ്റ് കണക്കുകളിലെ വ്യതിയാനങ്ങളിൽനിന്നും വ്യക്തമാണ്.

1994-ലെ കേ.പ.രാ. നിയമം സെക്ഷൻ 214 പ്രകാരമുള്ള എല്ലാ നടപടി ക്രമങ്ങളും പാലിച്ചുകൊണ്ടും പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പരിഗണിച്ചുകൊണ്ടും ബജറ്റ് തയ്യാറാക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 15.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-18 | 25.06.2018 മുതൽ 26.06.2018 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 11.07.18-ലെ കെ.എസ്.എ.പി.റ്റി.എ.പി10/ 788/18നമ്പരായി വിശേഷണങ്ങളോട്ടുകൂടിയ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് & പേമെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. സാക്ഷ്യപത്രത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകളിൽ ഖണ്ഡിക1-13ൽ സൂചിപ്പിട്ടുള്ള അപാകതകൾ ഒഴികെ മറ്റുള്ളവ പരിഹരിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 23682693 |
| വരവ് | 74453919 |
| ആകെ | 98136612 |
| ചെലവ് | 84277027 |
| നീക്കിബാക്കി | 13859585 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ചെലവ് തുക | ലാപ്സായ തുക/നീക്കിയിരിപ്പ് തുക |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16118000 | 12735177 | 3382823 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 14844929 | 10955152 | 3889777 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5893000 | 5198659 | 694341 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3690000 | 2167251 | 1522749 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 12823500 | 4070733 | 8752767 |
| ലോക ബാങ്ക് സഹായം | 0 | 4783442 | 4750627 | 32815 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ – പൈക ഫണ്ട് | 29886 | - | - | 29886 |
| ജില്ലാ സഹകരണ ബാങ്ക് -സാക്ഷരത | 22067 | - | - | 22067 |
| എസ്സ്.ബി.ഐ-എം.എൻ.ആർ.ജി.എസ് | 377 | 1636761 | 1635990 | 1148 |
| ട്രഷറി ടി.എസ്.ബി.-സംയുക്ത പ്രോജക്റ്റുകൾ | 10520500 | 12869000 | 22759917 | 629583 |
| എസ്സ്.ബി.ഐ-കറന്റ് അക്കൗണ്ട് | - | 22413 | - | 22413 |
| തനത് ഫണ്ട് -എസ്സ്.ബി.ഐ | 9055465 | 34640706 | 31714023 | 11982148 |

| | | | | |
|---|---|---|---|---|
| ജനറൽ പർപ്പസ് ഫണ്ട് -റ്റി.എസ്സ്.ബി | 11994487 | 11863096 | 22748577 | 1109006 |
| എസ്സ്.ബി.ഐ ഹരിയാലി | 1526 | 57 | - | 1583 |
| എസ്സ്.ബി.ഐ- ജലനിധി | 166810 | 6213 | - | 173023 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|
| 238 | 182 | 56 | 30.76 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 26 | 15 | 14058768 | 7058056 | 50 |
| കൃഷി ഓഫീസർ | 9 | 8 | 4661338 | 2851540 | 61 |
| വെറ്റിനറി സർജൻ | 3 | 3 | 1021000 | 855000 | 84 |
| വി.ഇ.ഒ. | 11 | 9 | 6794170 | 5663970 | 83 |
| അസ്സിസ്റ്റന്റ് എൻജിനീയർ | 159 | 119 | 43724318 | 19305905 | 44 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 6 | 5101800 | 4395734 | 86 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 5 | 1804950 | 1747910 | 97 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 1 | 450000 | 450000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 4 | 4 | 1230000 | 906300 | 74 |
| ഹെഡ് മാസ്റ്റർ | 6 | 6 | 1587600 | 1504716 | 95 |
| ഡയറി എക്സ്റ്റൻഷൻ | 1 | 1 | 1100000 | 1100000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 5 | 3215750 | 2878750 | 90 |
| ആകെ | 238 | 182 | 84749694 | 48717881 | 57.48 |

പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ

ഗ്രാമപ്പഞ്ചായത്തിന്റെ 2017-18-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ഓരോ വിഷയമേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല. പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് കൂടിയിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകളിൽ മതിയായ എണ്ണം ഹാജർ ഉണ്ടായിരുന്നില്ല. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളിൽ നടന്ന ചർച്ചകളുടെ വിവരങ്ങളോ, കൈക്കൊണ്ട

തീരുമാനങ്ങളോ മിക്ക മിനിട്സിലും ഉണ്ടായിരുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം ഭരണ സമിതിക്ക് നൽകിയിട്ടില്ല. പ്രോജക്ടുകളുടെ ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടുണ്ടോയെന്ന് ഭരണ തലത്തിൽ ഉറപ്പാക്കുന്നതിന് ഇതുമൂലം സാധിച്ചിട്ടില്ല.

2. ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രോജക്ടുകളും, വിഭവങ്ങളുടെ നേരിയ തോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രോജക്ടുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.
3. ഗ്രാമപ്പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിന് പകരം വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവെച്ച് പശ്ചാത്തല മേഖലയിൽ താരതമ്യേന ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പദ്ധതികൾ ഏറ്റെടുക്കുന്നു.
4. റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ മുഴുവൻ നീളത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് പകരം റോഡുകളെ വിഭജിച്ച് ചെറിയ നീളം കോൺക്രീറ്റ്/ടാറിംഗ് നടത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നു.
5. വാർഷിക പദ്ധതിയിൽ എല്ലാ മേഖലകൾക്കും അർഹമായ പരിഗണന ലഭിക്കുന്നില്ല. ആരോഗ്യം, വിദ്യാഭ്യാസം എന്നീ അടിസ്ഥാന മേഖലകൾക്ക് യഥാക്രമം പദ്ധതി അടങ്കലിന്റെ 1.76%-ഉം 2.41%-ഉം മാത്രമാണ് വകയിരുത്തിയത്.
6. ഓഡിറ്റ് വർഷം ലഭിച്ച പട്ടികജാതി, പട്ടിക വർഗ്ഗ വികസന ഫണ്ട് യഥാക്രമം 64.73%, 0% ഉം, റോഡിതര മെയിന്റനൻസ് ഫണ്ട് 46.6 ശതമാനവും, റോഡ് മെയിന്റനൻസ് ഫണ്ട് 72.60 ശതമാനവും മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.
7. മെയിന്റനൻസ് ഫണ്ടും, വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ് ഇതര – റോഡ് ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക മെയിന്റനൻസ് പ്ലാൻ (ആസ്തി സംരക്ഷണ പരിപാലന പദ്ധതി) തയ്യാറാക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല. കൈമാറിക്കിട്ടിയ ആസ്തികളുടെ സംരക്ഷണത്തിന് സർക്കാർ അനുവദിക്കുന്ന റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഫലപ്രദമായി ചെലവഴിക്കാതെ വലിയ തോതിൽ പാഴാക്കുന്നു.
8. ഗ്രാമപ്പഞ്ചായത്തിൽ പൊതു ശ്മശാനവും, അറവു ശാലയും സ്ഥാപിക്കപ്പെട്ടിട്ടില്ല. പൊതു ശ്മശാനവും, അറവു ശാലയും ഇല്ലാത്ത ഗ്രാമപ്പഞ്ചായത്തുകൾ അവ സ്ഥാപിക്കുന്നതിന് വികസന ഫണ്ടിൽനിന്നും നിർബന്ധിത വകയിരുത്തൽ നടത്തണമെന്ന് മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം നടപ്പാക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല.
9. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ - പ്രത്യേക ഘടക പദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതി, ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി, വനിതാ ഘടക പദ്ധതി - അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിൽ ഗ്രാമപ്പഞ്ചായത്ത് ശ്രദ്ധപതിപ്പിച്ചിട്ടില്ല (ഉദാ: വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയ മിക്ക പ്രോജക്ടുകളും മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമല്ല).

പദ്ധതി മാർഗ്ഗരേഖയിലെ നിബന്ധനകൾക്കനുസൃതമായി പ്രോജക്ടുകൾ ആവിഷ്കരിക്കുവാനും സമയബന്ധിതമായി നടപ്പിലാക്കാനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4631238 | 6791165 | 2159927 | (+)46 |
| നികുതിയേതര വരവുകൾ | 771240 | 612406 | 158834 | (-)20 |
| മറ്റ് വരവുകൾ | 2747891 | 1128326 | 1619565 | (-)58 |

## 1-8 സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിവരം

| ക്രമ നം. | പദ്ധതി | 2017-18-ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 23 | - | 5 |
| 2 | തൊഴിൽ രഹിത വേതനം | 8 | - | - |
| 3 | വിധവാ പെൻഷൻ | 70 | - | 9 |

| | | | | |
|---|---|---|---|---|
| 4 | വികലാംഗ പെൻഷൻ | 18 | - | 5 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 | - | 1 |
| 6 | വാർദ്ധകൃകാല പെൻഷൻ | 389 | - | 68 |

പെൻഷൻ അപേക്ഷകൾ സമയ ബന്ധിതമായി തീർപ്പാക്കുന്നില്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2018, 2.30 PM-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 7794/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1. പൊതുനിയന്ത്രണം**:** ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. പൊതു ആഭ്യന്തര നിയന്ത്രണം തൃപ്തികരമാക്കുന്നതിനാവശ്യമായ നടപടികൾ ഭരണ സമിതി സ്വീകരിച്ചിട്ടുണ്ട്. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിൽവരുത്തി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടുന്നതിനാവശ്യമായ നടപടികളുമായി പഞ്ചായത്ത് മുന്നോട്ട് പോകുകയാണ്. ഇതിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കിക്കഴിഞ്ഞു. രേഖകളും രജിസ്റ്ററുകളും കാര്യക്ഷമമായി സൂക്ഷിക്കുന്നതിനുവേണ്ടി റിക്കോർഡ് റൂം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നു. ടച്ച് സ്ക്രീൻ സംവിധാനം പ്രവർത്തിക്കുന്നില്ല. സൂചികാ സോഫ്റ്റ്‌വെയർ വിന്യസിച്ച് ടച്ച് സ്ക്രീൻ സംവിധാനം പ്രവർത്തനക്ഷമമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. സൂചിക സോഫ്റ്റ്‌വെയർ

   വരവ് ചെലവുകളിന്മേലുള്ള ബജറ്ററി കൺട്രോൾ തൃപ്തികരമല്ല. വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്.

2. പേഴ്സണൽ രജിസ്റ്റർ: പേഴ്സണൽ രജിസ്റ്ററുകൾ എല്ലാ സെക്ഷനുകളിലും സൂക്ഷിക്കുന്നില്ല. സൂക്ഷിക്കുന്ന സംഗതികളിൽ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. പേഴ്സണൽ രജിസ്റ്റർ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. പേഴ്സണൽ രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ തപാലുകളും, വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകളും സെക്ഷനുകൾ യഥാസമയം തീർപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല.
3. അക്കൗണ്ടിംഗ് സംവിധാനം**:** സാഖ്യാ സോഫ്റ്റ്‌വെയർ മുഖാന്തരമുള്ള അക്കൗണ്ടിംഗ് സംവിധാനം പൊതുവെ തൃപ്തികരമാണ്.
4. സകർമ്മ സോഫ്റ്റ് വെയറിലൂടെയുള്ള മിനിട്ട്സ് സൂക്ഷിപ്പ്: 20.09.17 മുതൽ സകർമ്മ സോഫ്റ്റ് വെയറിലൂടെയുള്ള മിനിട്ട്സ് സൂക്ഷിപ്പ് പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

5.ആസ്തി സംരക്ഷണം**:** സാംഖ്യാ സോഫ്റ്റവെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപ്പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 03.08.2018 | 7/2018 | 03.08.2018 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.09.2011 | 2008-09 മുതൽ 2010-11 വരെ | 16.01.2012 |

## 1-12 വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം - അവലോകനം

ഗ്രാമപ്പഞ്ചായത്തിന്റെ പദ്ധതി രൂപീകരണത്തിൽ നിർണ്ണായക പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. പഞ്ചായത്തിൽ പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 2017-18 വർഷത്തെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചേർന്നിട്ടുള്ള വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പ് | മേഖല | കൂടിയ തീയതി/ ക്വാറം | റിമാർക്സ് |
|---|---|---|---|
| ധനകാര്യം | കണക്കുകളും, രേഖകളും തയ്യാറാക്കൽ | തീയതി രേഖപ്പെടുത്തിയിട്ടില്ല/8 | പ്രോജക്ട് നിർദ്ദേശങ്ങൾ ഉണ്ടായിട്ടിട്ടുണ്ട് . |
| വികസനം | 1. കൃഷിയും അനുബന്ധ മേഖലയും | 29.04.2017/22 | നിർദ്ദേശങ്ങൾ ഭൂരിഭാഗവും പ്രൊജക്ടായി നടപ്പിലാക്കിയിട്ടില്ല. ഉദാ: ജലസേചന സൗകര്യങ്ങൾ ഉറപ്പു വരുത്തുക, കേരഗ്രാമം തുടർ പദ്ധതി .<br>വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ യോഗത്തിൽ പങ്കെടുത്തിട്ടില്ല |
| | 2. മൃഗസംരക്ഷണവും, ക്ഷീര വികസനവും | 29.04.2017/18 | പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. |
| | 3. ചെറുകിട വ്യവസായം | 29.04.2017/16 | വിവിധ തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോജക്ട് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും ഒരു പ്രോജക്ടുപോലും നടപ്പിലാക്കിയിട്ടില്ല. |
| പൊതു മരാമത്ത് | | 29.04.2017/20 | പ്രോജക്ട് നിർദ്ദേശങ്ങൾ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടില്ല. |
| ക്ഷേമകാര്യം | 1. ദാരിദ്ര്യ ലഘൂകരണം | തീയതി രേഖപ്പെടുത്തിയിട്ടില്ല. /23 | വനിതകൾക്ക് വരുമാന ദായകമായ പദ്ധതികൾ സംബന്ധിച്ച നിരവധി നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും നിർദ്ദേശങ്ങൾ പ്രൊജക്ടുകളായി പരിണമിച്ചിട്ടില്ല. |
| | 2. സാമൂഹ്യക്ഷേമം | മിനിട്സ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | |
| | 3. പട്ടികജാതി പട്ടിക വർഗ്ഗ വികസനം | 13.02.2017/12<br>മിനിട്സ് രേഖപ്പെടുത്തിയിട്ടില്ല.<br>29.04.2017/18 | പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രം. സ്റ്റാന്റിംഗ് ചെയർ പങ്കെടുത്തിട്ടില്ല.<br>പൂർത്തീകരിക്കാത്ത എസ്സ്.സി വീടുകൾ പൂർത്തികരിക്കുന്നതിനുള്ള നിർദ്ദേശം സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗത്തിൽ ഉണ്ടായിട്ടുണ്ടെങ്കിലും |

| | | | |
|---|---|---|---|
| | | | പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ല. |
| | 5. സ്ത്രീകളുടേയും കുട്ടികളുടെയും വികസനം | തീയതി രേഖപ്പെടുത്തിയിട്ടില്ല /8 | പദ്ധതി നിർദ്ദേശങ്ങൾ മാത്രം.അങ്കണവാടികൾക്ക് സ്ഥലം വാങ്ങാൻ ഫണ്ട് കണ്ടെത്തുക -നടപ്പിലായില്ല.ജാഗ്രതാ സമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ -നിർദ്ദേശങ്ങൾ പദ്ധതികളായി പരിണമിച്ചിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥ പങ്കെടുത്തിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പങ്കെടുത്തിട്ടില്ല. |
| ആരോഗ്യവും, വിദ്യാഭ്യാസവും | 1. ആരോഗ്യം | 29.04.2017/26 | പ്രോജക്ട് നിർദ്ദേശങ്ങൾ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടുണ്ട്. |
| | 2. കുടിവെള്ളം, ശുചിത്വം | 13.02.2017/10<br>29.04.2017/20 | മിനിട്സ് ക്ളോസ് ചെയ്തിട്ടില്ല. |
| | 3. വിദ്യാഭ്യാസം,കല സാംസ്കാരം | 29.04.2017/20 | പ്രോജക്ട് നിർദ്ദേശങ്ങൾ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടില്ല. ലൈബ്രറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ നടപ്പിലായില്ല. |
| | ഭിന്ന ശേഷിയുളളവർ,വൃദ്ധർ,കുട്ടികൾ | 1)തീയതി രേഖപ്പെടുത്തിയിട്ടില്ല.<br>2) 29.04.2017/25 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രൊജക്ട് നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല.വൃദ്ധരുടെ ക്ഷേമം -പ്രോജക്ട് നിർദ്ദേശങ്ങൾ ഇല്ല.സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പങ്കെടുത്തിട്ടില്ല. |
| വൈദ്യുതി, ഊർജ്ജം | | | മിനിട്സ് ബുക്ക് ഹാജരാക്കിയിട്ടില്ല. |
| പാർപ്പിടം | | | മിനിട്സ് ബുക്ക് ഹാജരാക്കിയിട്ടില്ല. |

വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേരുകയോ, പദ്ധതി രൂപീകരണത്തിലോ, നിർവ്വഹണത്തിലോ സജീവമായ പങ്കാളിത്തം വഹിക്കുകയോ ചെയ്തിട്ടുളളതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ പ്രോജക്ടുകളായി പരിണമിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ കൺവീനറുടെ ഹാജർ നിർബന്ധമാണ്. എന്നാൽ പല യോഗങ്ങളിലും കൺവീനറായ നിർവ്വഹണ ഉദ്യോഗസ്ഥർ പങ്കെടുത്തിട്ടില്ല. പദ്ധതികളുടെ മോണിട്ടറിംഗും വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 വാർഷിക കണക്കിലെ അപാകതകൾ

1. ബി3 ഷെഡ്യൂൾ– ഗുണഭോക്തൃ വിഹിതം എന്ന ഹെഡ്ഡിൽ 454100/- രൂപ മുൻ വർഷങ്ങളിൽ ലയബിലിറ്റി കാണിച്ചിരുന്നത് ഈ വർഷവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ തുക ബി3 ഷെഡ്യൂളിൽ നിലനിർത്തിയതിന്റെ കാരണം വ്യക്തമല്ല.
2. വസ്തു നികുതി ഡിമാന്റ് കളക്ഷൻ -സാംഖ്യ,സഞ്ചയാ സോഫ്റ്റ് വെയർ പ്രകാരമുളള തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.
3. ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തീകരിച്ചിട്ടില്ല

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം

നികുതി നികുതിയേതര വരവ് ഇനങ്ങളുടെ ഡിമാന്റിന്റേയും പിരിവിന്റെയും കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തുക, പുതിയ റവന്യൂ വരവുകൾ കണ്ടെത്താൻ നടപടി സ്വീകരിക്കുക, നികുതി പിരിവ് കാര്യക്ഷമമാക്കുക, രേഖകളുടെയും, രജിസ്റ്ററുകളുടെയും കൃത്യമായ സൂക്ഷിപ്പ് ഉറപ്പുവരുത്തുക, പ്രതിമാസ വരവ് ചെലവ് അക്കൗണ്ടുകൾ പരിശോധിച്ച് അംഗീകരിക്കുക എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെടുന്നു. ശ്രീ.എം.ആർ ശശിധരൻ ഉണ്ണിത്താൻ ചെയർമാനായ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നുണ്ട്. വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിൽ ഫലപ്രദമായ ഇടപെടൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. മുൻവർഷം കേവലം 32 ശതമാനം മാത്രമായിരുന്ന വസ്തുനികുതി പിരിവ് തൻ വർഷം 100 ശതമാനത്തിലേക്ക് ഉയർത്തുന്നതിന് സാധിച്ചിട്ടുണ്ട്. തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ച് ചെലവിന്റ സാധുത ഉറപ്പാക്കുന്നുണ്ട്. ലൈസൻസ് ഇല്ലാതെ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്നത് ഉറപ്പാക്കാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

### 2-2 വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുത്ത നടപടി ശ്ലാഘനീയം

ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസായ വസ്തുനികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. ഈ നേട്ടം കൈവരിക്കുന്നതിന് സഹായകരമായ രീതിയിൽ പ്രവർത്തിച്ച ഭരണസമിതിയേയും ജീവനക്കാരേയും അഭിനന്ദിക്കുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ വസ്തുനികുതിയിനത്തിൽ (സർവ്വീസ് സെസ്, ലൈബ്രറി സെസ് എന്നിവ ഉൾപ്പെടെ) 56,25,417രൂപ പിരിച്ചെടുത്തിട്ടുണ്ട്. വാർഷിക ധനകാര്യപത്രിക പ്രകാരം 91481രൂപ മാത്രമാണ് പിരിച്ചെടുക്കാൻ അവശേഷിക്കുന്നത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പരിധിയിൽ സ്ഥാപിച്ചിട്ടുള്ള റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡിന്റെ ഒഴികെ ബാക്കി എല്ലാ ടവറുകളുടെയും വസ്തുനികുതി പൂർണ്ണമായി പിരിച്ചെടുത്തു. തുടർവർഷങ്ങളിലും ഈ നേട്ടം തുടരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

### 2-3 തൊഴിൽനികുതി/സ്ഥാപന നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാനമായ തൊഴിൽനികുതി പൂർണ്ണമായും ഈടാക്കാൻ സാധിച്ചിട്ടില്ല. 2017-18 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, അർദ്ധവാർഷിക വരുമാന പത്രികകൾ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ) ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1. ക്ഷീരോൽപാദക സഹകരണസംഘം, അങ്ങാടിക്കൽ (നോർത്ത്)
2. ക്ഷീരോൽപാദക സഹകരണസംഘം, കൊടുമൺ
3. സപ്ലൈകോ സൂപ്പർമാർക്കറ്റ്, കൊടുമൺ
4. നീതി സ്റ്റോർ, കൊടുമൺ
5. എസ്.എൻ.വി പബ്ലിക്സ്കൂൾ, അങ്ങാടിക്കൽ (രണ്ടാം അർദ്ധവർഷം)
6. സി.ഡി.എസ് അക്കൗണ്ടന്റ്
7. ശ്രീ.ബാബു.കെ, ശ്രീ.സജു.റ്റി - തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾക്കായി കരാർ അടിസ്ഥാനത്തിൽ നിയമിച്ചവർ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205 -ാം വകുപ്പ് പ്രകാരം ശമ്പളത്തിനോ, വേതനത്തിനോ ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികളും ഒരു അർദ്ധവർഷക്കാലം നിശ്ചിത കാലയളവിൽ ഒരു പഞ്ചായത്ത് പരിധിയിൽ ജോലിചെയ്യുകയും 1996- ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടത്തിൽ അനുശാസിക്കുന്ന കുറഞ്ഞ വേതനം കൈപ്പറ്റുകയും ചെയ്താൽ നിയമാനുസൃതമായി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. തൊഴിൽ നികുതി ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

ബി) സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

1.ആൻസ് ബാങ്കേഴ്സ്, കൊടുമൺ

2.എസ്.ബി.റ്റി, കൊടുമൺ

3.കെ.വി.എം ഹോസ്പിറ്റൽ

4.ശുശ്രുത ഹോസ്പിറ്റൽ,കൊടുമൺ

5.കല്ലുക്കാട്ടിൽ ഫൈനാൻസിയേഴ്സ്

6.സപ്ലൈകോ സൂപ്പർമാർക്കറ്റ്, കൊടുമൺ

നികുതി അടയ്ക്കാൻ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് നോട്ടീസ് നൽകിയിട്ടില്ല. അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ 19/17.09.2018 നമ്പർ അന്വേഷണകുറിപ്പിന് മേൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി,സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാംന്റിംഗ് കമ്മിറ്റിയോട് ശുപാർശ ചെയ്യുന്നു.

## 2-4 മിനിമം വേതനം നൽകുന്നില്ല -നികുതി വരുമാനത്തിൽ കുറവ്

കേരള സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ഡിസ്പെൻസറികൾ,എക്സ്റേ യൂണിറ്റുകൾ, ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർക്ക് നൽകേണ്ടതായ മിനിമം കൂലി നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം (ജി.ഒ(എം.എസ്) 135/2013 /തൊഴിൽ/ നവംബർ 5) പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനം പ്രകാരം രജിസ്റ്റേഡ് നഴ്സ് എന്ന വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് 8125 രൂപ മുതൽ 10575 രൂപ വരെയാണ് ശമ്പളം നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ശുശ്രുത ഹോസ്പിറ്റൽ,കൊടുമൺ എന്ന ആശുപത്രിയിലെ ജീവനക്കാർക്ക് മിനിമം വേതനം ലഭിക്കുന്നില്ല. തൻമൂലം തൊഴിൽനികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ കുറവുണ്ടാകുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ജീവനക്കാരുടെ പേര് | തസ്തിക | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ നികുതി |
|---|---|---|---|
| ശ്രീമതി പ്രസന്ന | ലാബ് ടെക്നീഷ്യൻ | 10800 | ഇല്ല |
| ശ്രീമതി ബിജി | നഴ്സിംഗ് അസ്സിസ്റ്റന്റ് | 10800 | ഇല്ല |
| ശ്രീമതി ബിന്ദു | നഴ്സിംഗ് അസ്സിസ്റ്റന്റ് | 10800 | ഇല്ല |
| ശ്രീമതി സുമ | നഴ്സിംഗ് അസ്സിസ്റ്റന്റ് | 10800 | ഇല്ല |
| ശ്രീമതി പാർവ്വതി | നഴ്സിംഗ് അസ്സിസ്റ്റന്റ് | 10800 | ഇല്ല |

പഞ്ചായത്ത് പരിധിയിൽ നടക്കുന്ന തൊഴിൽ ചൂഷണത്തിനും, നിയമലംഘനത്തിനുമെതിരെ യാതൊരു നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ടി വിഷയം ചൂണ്ടിക്കാണിച്ച് നൽകിയ 19/17.09.2018 നമ്പർ അന്വേഷണക്കുറിപ്പിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയം തൊഴിൽവകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ജീവനക്കാർക്ക് നിയമാനുസൃതമായ വേതനം ഉറപ്പുവരുത്തി പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം നേടിയെടുക്കുന്നതിനുമുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 2-5 സ്വയം തൊഴിൽ സംരംഭങ്ങൾ നടത്തുന്ന കുടുംബശ്രീ യൂണിറ്റുകൾ ലൈസൻസ് എടുക്കുന്നില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 232 പ്രകാരം ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള യാതൊന്നും പഞ്ചായത്തിന്റെ മുൻകൂർ അനുമതി ഇല്ലാതെ പ്രവർത്തിക്കാൻ പാടില്ല. എന്നാൽ പഞ്ചായത്തിലെ വിവിധ വാർഡിലെ സ്വയം തൊഴിൽ സംരംഭങ്ങൾ/ ഗ്രൂപ്പ് സംരംഭങ്ങൾ നടത്തിവരുന്ന കുടുംബശ്രീയൂണിറ്റുകൾ ഡി ആന്റ് ഒ ലൈസൻസ് എടുക്കുന്നില്ല. ഏതാനും ഉദാഹരങ്ങൾ ചുവടെ ചേർക്കുന്നു.

| സംരംഭത്തിന്റെ പേര് | വാർഡ് |
|---|---|
| രുചിയിടം കഫേ യൂണിറ്റ് | 2 |
| കൈരളി ചിക്കൻസെന്റർ | 3 |
| സ്വസ്തിക ബാഗ് യൂണിറ്റ് | 10 |
| ചൈതന്യ ഹയറിംഗ് സെന്റർ | 13 |
| ദേവീ ഗാർമെന്റ്സ് & ടെയിലറിംഗ് | 8 |
| ലക്ഷ്മി ടെയിലറിംഗ് ഗ്രൂപ്പ് | 14 |

മേൽ സൂചിപ്പിച്ച ഗ്രൂപ്പ് സംരംഭങ്ങൾ കൂടാതെ 60 ൽ അധികം സ്വയം തൊഴിൽ യൂണിറ്റുകളും പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി പ്രവർത്തിക്കുന്നുണ്ട്. ദാരിദ്ര്യലഘൂകരണവും വനിതാവികസനവും ലക്ഷ്യമാക്കി രൂപീകരിച്ച കുടുംബശ്രീ യൂണിറ്റുകളുടെ സ്വയംസംരംഭങ്ങൾ/ഗ്രൂപ്പ്സംരംഭങ്ങൾ നിയമാനുസൃത ലൈസൻസുകളോടെ പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-6 പാരാമെഡിക്കൽ സ്ഥാപനങ്ങൾ യഥാസമയം ലൈസൻസ് പുതുക്കുന്നില്ല

1997ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെയോ/സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനം | രജിസ്ട്രേഷൻ പുതുക്കേണ്ട അവസാന തീയതി | രജിസ്ട്രേഷൻ പുതുക്കിയ തീയതി |
|---|---|---|
| മൈക്രോലാബ് ലബോറട്ടറീസ് | 31.03.2017 | 30.10.2017 |
| ഇമ്മാനുവൽ ലബോറട്ടറി | 31.03.2017 | 13.11.2017 |
| പേരങ്ങാട്ട് ഡെന്റൽ ക്ലിനിക് | 31.03.2017 | 02.11.2017 |
| ശുശ്രുത ഹോസ്പിറ്റൽ | 31.03.2017 | 23.03.2018 |

സ്വകാര്യ ആശുപത്രിയോ/ പാരാമെഡിക്കൽ സ്ഥാപനമോ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ സമർപ്പിച്ചാൽ സെക്രട്ടറിയോ, അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സ്ഥാപനം തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ച് സ്ഥലത്തിന്റെ ശുചിത്വം, കെട്ടിടത്തിന്റെ സുരക്ഷിതത്വം, അപേക്ഷയിൽ പറയുന്ന മറ്റ് വിവരങ്ങളുടെ നിജസ്ഥിതി എന്നിവ സംബന്ധിച്ച് അന്വേഷണ റിപ്പോർട്ട് എഴുതി തയ്യാറാക്കേണ്ടതാണ്. അപേക്ഷയിലെ വിശദാംശങ്ങളും, അന്വേഷണ റിപ്പോർട്ടും പരിഗണിച്ച ശേഷമേ രജിസ്ട്രേഷൻ നൽകാവൂ എന്നും ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2017-18 സാമ്പത്തിക വർഷം ലൈസൻസിനായി അപേക്ഷ സമർപ്പിച്ച അപേക്ഷകളിൽ ഒന്നും തന്നെ അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല. യഥാസമയം ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും 5000രൂപ വരെ പിഴ ഈടാക്കാവുന്നതുമാണ്. എന്നാൽ ടി സ്ഥാപനങ്ങളിൽ നിന്നും പിഴയിനത്തിലും തുക ഈടാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-7 പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പാക്കിയില്ല

പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016ലെ നിർദ്ദേശാനുസരണം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 24.09.2016-ലെ 576/ഡി.സി.1/16/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം വിൽപ്പന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവു കച്ചവടക്കാരും അതത് തദ്ദേശഭരണ സ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒരു മാസം കുറഞ്ഞത് 4000രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000രൂപ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി രജിസ്റ്റർ ചെയ്യുന്ന വ്യാപാരികളിൽ നിന്നും ഈടാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത സർക്കുലറിലെ യാതൊരു നിർദ്ദേശവും ഗ്രാമപഞ്ചായത്ത് നടപ്പാക്കിയിട്ടില്ല. ലൈസൻസിനായി അപേക്ഷ സമർപ്പിക്കുന്ന കച്ചവടക്കാരിൽ നിന്നും പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉപയോഗിക്കുന്നില്ലെന്ന് സാക്ഷ്യപത്രം വാങ്ങുക മാത്രമാണ് ചെയ്യുന്നത്. ഇത് സംബന്ധിച്ച് യാതൊരു പരിശോധനയും പഞ്ചായത്ത് നടത്തുന്നില്ല. പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടത്തിൽ 27.03.2018 ൽ വരുത്തിയ ഭേദഗതി പ്രകാരം തുടർ വർഷങ്ങളിൽ 4000/- രൂപ വീതം ഈടാക്കാൻ സാധിക്കുകയില്ല. എന്നാൽ ഗ്രാമപ്പഞ്ചായത്തിന് വിജ്ഞാപനം പുറപ്പെടുവിച്ച് ഫീസ് ഈടാക്കാവുന്നതാണ്. സുസ്ഥിര മാലിന്യ നിർമ്മാർജനത്തിനായി ലക്ഷക്കണക്കിന് രൂപ പഞ്ചായത്ത് ചെലവഴിക്കുമ്പോഴാണ് ഈ ഇനത്തിൽ ലഭിക്കുമായിരുന്ന തുക പഞ്ചായത്തിന്റെ അനാസ്ഥ കൊണ്ട് ലഭിക്കാതെ പോയത്. പരിസ്ഥിതിക്ക് ഹാനികരമാകുന്ന വിധത്തിലുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

## 2-8 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് - തിരികെ ലഭിക്കുന്നതിന് കാലതാമസം

നികുതിയേതര വരുമാനമിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീസ് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-2017 ലെ സ.ഉ (സാധാ) നമ്പർ 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐയിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നല്കിയിരുന്നു. കൊടുമൺ ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷം ഇത്തരത്തിൽ അക്കൗണ്ട് തുടങ്ങിയിട്ടില്ല. മുൻ വർഷങ്ങളിൽ ചെയ്തതുപോലെ ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിലേക്കാണ് ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. അസി.എഞ്ചിനിയർ ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ 2015-16 മുതൽ 2017-18 വരെ എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത ടെണ്ടർഫീയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ടുകളുടെ എണ്ണം | ഒടുക്കിയ ടെണ്ടർഫീ | തിരികെ ലഭിച്ച തുക | ബാലൻസ് |
|---|---|---|---|---|
| 2015-16 | 11 | 87241 | 0 | 270947/- |
| 2016-17 | 4 | 75266 | | |
| 2017-18 | 39 | 107990 | | |
| ആകെ | | 270497 | | |

2015-16 മുതൽ 17-18 വരെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീയിൽ നാളിതുവരെ ഗ്രാമ പഞ്ചായത്തിന് യാതൊരു തുകയും തിരികെ ലഭിച്ചിട്ടില്ല. ടി തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നതിന് ലിസ്റ്റ് തയ്യാറാക്കി എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (13/12-09-18) മറുപടിയിൽ അസി. എഞ്ചിനിയർ അറിയിച്ചു. ഗ്രാമ പഞ്ചായത്തിന് തനത് വരുമാനം ഇനത്തിൽ ലഭിക്കേണ്ട ടെണ്ടർ ഫീ യഥാ സമയം ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് വരാഞ്ഞതു മൂലം പലിശയിനത്തിലുള്ള വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടീൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്. ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐയിൽ അക്കൗണ്ട് തുടങ്ങുന്നതിന് വേണ്ടനടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി - അവലോകനം

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകരിച്ചു കിട്ടുന്നതുവരെയുള്ള ആസൂത്രണ നടപടികൾ ഒരോന്നും യഥാസമയം ഫലപ്രദമായി നടത്തുന്നതിനുവേണ്ട മുന്നൊരുക്കങ്ങളും ഇടപെടലും നടത്തുക, ആവശ്യമായ നിർദ്ദേശങ്ങൾ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും, വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക, വികസന കാഴ്ചപ്പാട് രേഖ തയ്യാറാക്കി ഭരണസമിതി യോഗത്തിൽ അവതരിപ്പിക്കുക തുടങ്ങിയവ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളാണ്. കൃഷി അനുബന്ധ മേഖലകൾ, മൃഗസംരക്ഷണവും, ക്ഷീരവികസനം, ചെറുകിട വ്യവസായം, പൊതുമരാമത്ത്, പാർപ്പിടം എന്നീ വർക്കിംഗ് ഗ്രൂപ്പുകൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്നു. ഓഡിറ്റ് വർഷം വികസന സ്റ്റാന്റിംഗ് കമ്മിറ്റി 16 യോഗങ്ങൾ ചേർന്നിട്ടുണ്ട്. പ്രോജക്ട് രൂപീകരണത്തിൽ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഫലപ്രദമായി ഇടപെട്ടിട്ടുണ്ട്. എന്നാൽ പ്രോജക്ടുകളുടെ മോണിട്ടറിംഗ് കൃത്യമായി നടക്കുന്നുണ്ടോ എന്നുറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിനുശേഷം ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് ഗ്രൂപ്പുകളായി പ്രവർത്തിക്കുന്നതിനും അതുവഴി പ്രോജക്ട് ലക്ഷ്യം പൂർത്തീകരിച്ചുവെന്നത് ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ വികസനകാര്യ സ്റ്റാംന്റിംഗ് കമ്മിറ്റി സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

ബി) പൊതുമരാമത്ത് /ഊർജ്ജം -വർക്കിംഗ് വർക്കിംഗ് ഗ്രൂപ്പ് അവലോകനം

ആറ് ഗ്രാമ പഞ്ചായത്തുകൾ, അടൂർ മുനിസിപ്പാലിറ്റി എന്നിവയുമായി അതിർത്തി പങ്കിടുന്ന കൊടുമൺ ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള ഗ്രാമീണ റോഡുകളുടെ അവസ്ഥ, ഗ്രാമ പഞ്ചായത്തിന്റെയും വിട്ട് കിട്ടിയ സ്ഥാപനങ്ങളുടെയും കെട്ടിടങ്ങളുടെ നിലവിലെ അവസ്ഥ എന്നിവ വ്യക്തമാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ട് 2017-18 വർഷത്തെ പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി തയ്യാറാക്കിയിരുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി എഞ്ചിനിയർ ഓഡിറ്റ് വേളിൽ അറിയിച്ചിരുന്നുവെങ്കിലും ആയത് പരിശോധനക്കായി ലഭ്യമാക്കിയിരുന്നില്ല. പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള റോഡ് രജിസ് റ്റർ അനുസരിച്ച് പഴയ 13 വാർഡുകളിലായി 265റോഡുകളുടെ വിവരം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പുതുക്കിയ റോഡ് ആസ്തി രജിസ്റ്റർ അനുസരിച്ച് നിലവിലുള്ള 18 വാർഡുകളിലായി 990 റോഡുകളുടെ വിവരങ്ങൾ ചേർത്തിട്ടുണ്ട്. ഭൂരിഭാഗം റോഡുകളും വിവിധ ജനകീയാസൂത്രണ

പദ്ധതികളിലൂടെ നിർമ്മിച്ചവയും അറ്റകുറ്റപ്പണി നടത്തി പരിപാലിച്ച് പോകുന്നവയുമാണ്.

സർക്കാർ നിർദ്ദേശം അനുസരിച്ച് നാളിതുവരെ ഗ്രാമ പഞ്ചായത്ത് റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. ജി.പി.എസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് വ്യക്തമായ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കി റോഡുകളുടെ അളവുകളും കണക്റ്റിവിറ്റിയും പുനർ നിർണ്ണയം ചെയ്യുന്നതിനുള്ള പദ്ധതി വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ 7 എൽ. പി/യു.പി സ്കൂളുകളും 30 അങ്കണ വാടികളും പ്രവർത്തിക്കുന്നു. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പല അങ്കണ വാടികളുടെയും പ്രവർത്തനത്തെ ബാധിക്കുന്നു. സ്വന്തമായി കെട്ടിടമുള്ളത് 17 അങ്കണ വാടികൾക്ക് മാത്രമാണ്. 10 അങ്കണവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിന് വിട്ട് കിട്ടിയ സ്ഥാപനങ്ങളായ കൃഷി ഓഫീസും ഹോമിയോ ആശുപത്രിയും വാടകക്കെട്ടിടത്തിലാണ് ഇപ്പോഴും പ്രവർത്തിക്കുന്നത്. ആയതിന് തൻ വർഷം പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല . 105ാം നം. അങ്കണവാടിക്ക് സ്ഥലം ലഭ്യമായിട്ടും നാളിതുവരെ കെട്ടിടം പണിയുന്നതിന് പദ്ധതി ആസൂത്രണം ചെയ്തിട്ടില്ല. തൻവർഷം 13 പദ്ധതികളിലായി 15 അങ്കണ വാടികളുടെ മെയിന്റനൻസിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതിൽ 11 എണ്ണം മാത്രമേ നടപ്പാക്കിയിട്ടുള്ളൂ. സ്റ്റേഡിയത്തിനായി ഏറ്റെടുത്ത സ്ഥലത്ത് പുതിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം പണിയുന്നതിന് മുൻ വർഷം ഭരണസമിതി തീരുമാനം എടുത്തിരുന്നുവെങ്കിലും ആയതിനുള്ള പദ്ധതി വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്ട്സ് പരിശോധിച്ചതിൽ പഞ്ചായത്തിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ മുൻഗണനാ ക്രമത്തിൽ സഞ്ചാര യോഗ്യമാക്കണമെന്നും സംരക്ഷണഭിത്തി കലുങ്ക്, ഓട എന്നിവ ആവശ്യമായ സ്ഥലങ്ങളിൽ ആയത് നിർമ്മിക്കണമെന്നും ജംഗ്ഷനുകളിൽ ദിശാ ബോർഡുകൾ സ്ഥാപിക്കണമെന്നുമുള്ള പൊതുവായ തീരുമാനം മാത്രമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് കാണുന്നു. 06-05-2017-ലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്ട്സിൽ 4ാം നമ്പർ തീരുമാനമായി 70404880/- രൂപ അടങ്കലുള്ള 167 പ്രോജക്റ്റുകൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ എത്രയും വേഗം തന്നെ കൈക്കൊള്ളണമെന്ന് ജനറൽ കമ്മിറ്റിയോട് അഭ്യർത്ഥിച്ച തീരുമാനിച്ചതായി മാത്രം കാണുന്നു. അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആദ്യം ആവിഷ്കരിച്ച പദ്ധതിയുടെ പ്രോജക്റ്റ് പ്രൊഫോർമയിൽ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയുടെ നമ്പരും തീയതിയുമായി ചേർത്തിരിക്കുന്നത് 1(1)/08-05-2017 എന്നാണ്. എന്നാൽ പ്രസ്തുത തീയതിയിൽ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുകയോ അങ്ങനെയൊരു തീരുമാനം എടുക്കുകയോ ചെയ്തിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത പദ്ധതികൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രോജക്റ്റ് നിർദ്ദേശത്തോടെ ഭരണ സമിതിയുടെ അഗീകാരത്തിനായി സമർപ്പിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണെന്നതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

പതിമൂന്നാം പദ്ധതി കാലയളവിൽ സ്ട്രീറ്റ് ലൈനില്ലാത്ത പ്രധാനപ്പെട്ട റോഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുന്നതിനും( തേപ്പുപാറ പ്രദേശം, മഠത്തിനാശ്ശേരിൽ കൊട്ടുമൺ കിഴക്ക് റോഡ്) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണമെന്നും ജംഗ്ഷനുകളിൽ മെർക്കുറി വേപ്പർ ലാമ്പുകൾ, എൽ.ഇ.ഡി എന്നിവ സ്ഥാപിക്കുന്നതിനും സ്ട്രീറ്റ് ലൈറ്റുകൾക്ക് പൊതുവായി ആട്ടോമാറ്റിക്ക് കട്ട് ഓഫ് സ്ഥാപിച്ച് വൈദ്യുതി ഉപയോഗം ലഘൂകരിക്കുന്നതിനും ഊർജ്ജ മേഖലയിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് 29-04-17 ൽ വർക്കിംഗ് ഗ്രൂപ്പ് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ, ട്യൂബ്സെറ്റ് മാറ്റി സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികൾ ഒഴിച്ചാൽ മറ്റ് പദ്ധതികൾ ഒന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ പ്രോത്സാഹനത്തിന് ഊന്നൽ നൽകുന്ന പദ്ധതികൾ ഒന്നും തന്നെ പതിമൂന്നാം പദ്ധതി കാലയളവിൽ ഏറ്റെടുത്തിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന പദ്ധതികൾ മാത്രം വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വയ്ക്കുകയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഭരണ സമിതിയുടെ അന്തിമ അംഗീകാരത്തോടെ ആസൂത്രണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണമേന്മയും നടത്തിപ്പിലെ സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി നിർമ്മാണത്തിലെ വിവിധ ഘട്ടങ്ങളിൽ ആവശ്യമായ മോണിട്ടറിംഗ് വർക്കിംഗ് ഗ്രൂപ്പ് നടത്തേണ്ടത് അനിവാര്യമാണ്. എന്നാൽ ഒരു പ്രവൃത്തിയുടെ ഫയലിലും മോണിട്ടറിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി പ്രവർത്തനങ്ങളിൽ മോണിട്ടറിംഗ് ശക്തമാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും വേണ്ടത്ര ശ്രദ്ധ ചെലുത്തണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

സി)റോഡ് വികസനം- അവലോകനം

ഗ്രാമ പഞ്ചായത്തിൽ നിലവിൽ ആകെ 18 വാർഡുകളാണുള്ളത്. പഴയ 13 വാർഡിന്റെ അടിസ്ഥാനത്തിൽ സൂക്ഷിട്ടുള്ള റോഡ് രജിസ്റ്ററിൽ 265 റോഡുകളുടെ വിവരം ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. എന്നാൽ പുതുക്കിയ റോഡ് ആസ്തി രജിസ്റ്ററിൽ 990 റോഡുകളുടെ വിവരം ചേർത്തിട്ടുണ്ട്. ഓരോ റോഡിന്റെയും സീറോ ചെയിനേജ് മുതൽ അവസാന ചെയിനേജ് വരെ ഒറ്റ റോഡായിട്ടാണോ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിന് വ്യക്തയില്ല. അല്ലാത്തപക്ഷം സോഫ്റ്റ് വെയറിൽ വേണ്ട മാറ്റം വരുത്തി ആസ്തി രജിസ്റ്ററിൽ മാറ്റം വരുത്തേണ്ടതാണ്.

ഏറ്റെടുത്ത റോഡ് പ്രവൃത്തികളിൽ ഭൂരിഭാഗത്തിനും ഫണ്ട് ചെലവഴിച്ചിരിക്കുന്നത് കോൺക്രീറ്റിംഗിനും സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനും ഐറിഷ് ഓട, കലുങ്ക് തുടങ്ങിയ നിർമ്മാണത്തിനുമാണ്. ടാറിംഗ് റീടാറിംഗ് പ്രവൃത്തികൾ നാമമാത്രമാണ്. ഏറ്റെടുത്തു നടപ്പാക്കിയ റോഡ് പ്രവൃത്തികൾ എല്ലാം തന്നെ വാർഡ് അടിസ്ഥാനത്തിലുള്ളതാണ്. വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലാണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രോജക്റ്റ് തയ്യാറാക്കുന്നത്. വാർഡ് അടിസ്ഥാനത്തിലുള്ള വികസനം എന്ന സങ്കുചിത കാഴ്ച്ചപ്പാടിൽ നിന്നും മാറി ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന തരത്തിൽ രണ്ടോ മൂന്നോ വാർഡുകളിൽ ഉൾപ്പെടുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പദ്ധതികൾ തയ്യാറാക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ കൺവീനറായുള്ള പൊതുമരാമത്ത് (ഊർജ്ജം ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പ് ഭാവിയിൽ

ശ്രദ്ധിക്കേണ്ടതാണ്.

റോഡ് പ്രവൃത്തികൾക്ക് തൻ വർഷം ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്, എം.പി/എം.എൽ.എ ഫണ്ട് ഉൾപ്പെടുത്തിക്കൊണ്ട് പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി നിലവാരവും ഗുണമേന്മയും ഉറപ്പ് വരുത്തിക്കൊണ്ടുള്ള റോഡ് വികസനം സാധ്യമാകത്തക്ക തരത്തിൽ എം.പി/എം.എൽ.എ ഫണ്ട് ഉൾപ്പെടുത്തിയുള്ള സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. ഭരണ സമിതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-2 ലാന്റ് അക്വിസിഷൻ കേസുകൾ തീർപ്പാക്കാൻ വൈകുന്നു ; ബാധ്യത പെരുകുന്നു

ഗ്രാമപഞ്ചായത്തിൽ സ്റ്റേഡിയം, ബസ്സ് സ്റ്റാന്റ് എന്നിവ നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുത്തത് സംബന്ധിച്ച ലാന്റ് അക്വിസിഷൻ കേസ്സുകളിൽ കോടതി നിർദ്ദേശിച്ച കോമ്പൻസേഷൻ തുക നൽകി കേസ് യഥാസമയം തീർപ്പാക്കാൻ കഴിയാത്തത് മൂലം പഞ്ചായത്തിന്റെ ബാധ്യത പെരുകുന്നു.

ഗ്രാമ പഞ്ചായത്തിലെ 13ാം വാർഡിൽ സ്റ്റേഡിയം, ബസ്സ് സ്റ്റാന്റ് എന്നിവ നിർമ്മിക്കുന്നതിന് വേണ്ടി 2 ഹെക്ടർ 28 ആർ നിലം 23 സ്വകാര്യ വ്യക്തികളിൽ നിന്നും ലോക്കൽ അഡ്മിനിസ്ട്രേഷൻ(സി) വകുപ്പിന്റെ 14.01.1999-ലെ ഉത്തരവ് പ്രകാരവും ലാന്റ് അക്വിസിഷൻ ആക്ടിലെ അർജൻസി ക്ളോസ് അനുസരിച്ചും അഡ്വാൻസ് പൊസിഷൻ ആയി ഏറ്റെടുത്തിട്ടുള്ളതാണ്. ഒരു ആറിന് 810/- രൂപയായിരുന്ന കളക്ടർ 18.1.2002ൽ നിശ്ചയിച്ച വാല്യുവേഷൻ. സ്ഥലം ഏറ്റെടുത്തത് തടയണമെന്നാവശ്യപ്പെട്ട് വസ്തു ഉടമകൾ അടൂർ മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത അന്യായം കോടതി തള്ളിയിരുന്നു. കേരള ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ജില്ലാ കളക്ടർ നിശ്ചയിച്ചിരുന്ന ഒരു ആറിന് 810/- കുറവാണെന്ന് കാണിച്ച്, വില വർദ്ധനവ് ആവശ്യപ്പെട്ടുകൊണ്ട് Wp(C) 29247/05 നമ്പർ ആയി കക്ഷികൾ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയും കേസ് തീർപ്പാക്കുന്നതിനായി പത്തനംതിട്ട സബ്കോടതിയിലേയ്ക്ക് മാറ്റുകയും ചെയ്തിരുന്നു. LAR 239/06 മുതൽ 247/06 വരെയുള്ള നമ്പരുകളിലായി ഫയൽ ചെയ്തിരുന്ന ഈ കേസുകളിൽ പഞ്ചായത്തിന് വേണ്ടി ആരും ഹാജരാതിരുന്ന സാഹചര്യത്തിൽ കോമ്പൻസേഷൻ തുക ഒരു ആറിന് 15000/-ആക്കി വർദ്ധിപ്പിച്ച കൊണ്ട് 31.7.08-ൽ എക്സ് പാർട്ടി വിധിയുണ്ടായി. തുടർന്ന് ഈ വിധി പുനർവിചാരണ ചെയ്യുന്നതിനായി ബഹു.സബ്കോടതിയിൽ ഹർജികൾ ഫയൽ ചെയ്തുവെങ്കിലും 28.11.12-ൽ മുൻവിധി തന്നെ പുറപ്പെടുവിക്കുകയും ചെയ്തു. സബ്കോടതി വിധിക്കെതിരേ ഗവൺമെന്റ് പ്ലീഡറിൽ നിന്നും നിയമോപദേശം തേടാതെ ഗ്രാമ പഞ്ചായത്ത് ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയും കോടതി, കേസ് പുനർവിചാരണ നടത്തുന്നതിനായി പത്തനംതിട്ട സബ്കോടതിയോട് നിർദ്ദേശിക്കുകയും ചെയ്തു. എക്സ് പാർട്ടി വിധിയിലെ തുക തന്നെ നിലനിർത്തിയാണ് വീണ്ടും കോടതി വിധിയുണ്ടായത് (27.1.14). സബ്കോടതി ഉത്തരവുകൾക്കെതിരേ ഗവ. പ്ലീഡറിൽ നിന്നും നിയമോപദേശം തേടാതെ വീണ്ടും ഹൈക്കോടതിയിൽ ഗ്രാമപ്പഞ്ചായത്ത് അപ്പീൽ ഫയൽ ചെയ്തു. പഞ്ചായത്തിന്റെ അപ്പീലിലും കോംപെൻസേഷൻ തുക യഥാസമയം ലഭിക്കാത്തതിനാൽ തുക വർദ്ധിപ്പിച്ചുകിട്ടണമെന്ന ആവശ്യവുമായി കക്ഷികൾ ഫയൽ ചെയ്ത അപ്പീലുകളിലും വിചാരണ നടക്കുകയാണ്.

നിലവിലെ അവസ്ഥ

പഞ്ചായത്തും വസ്തു ഉടമസ്ഥരും ഫയൽ ചെയ്തിട്ടുള്ള അപ്പീലുകൾ നിലവിലിരിക്കേ കേസിൽ ഉൾപ്പെട്ടിട്ടുള്ള 9കക്ഷികൾ പഞ്ചായത്ത് കമ്മിറ്റിയെ സമീപിക്കുകയും ലാന്റ് അക്വിസിഷൻ ഓഫീസർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള തുകയിൽ നിന്നും 10% തുക കുറവ് ചെയ്ത് മൂന്ന് ഗഡുക്കളായി ഉടമകൾക്ക് നൽകിയാൽ മതിയാകുമെന്ന് ധാരണ ഉണ്ടാക്കുകയും ചെയ്തിരുന്നു. കോടതിയ്ക്ക് പുറത്ത് ഹൈക്കോടതി മീഡിയേഷൻ സെന്റർ വഴി കേസ് ഒത്തു തീർപ്പാക്കുന്നതിനും എൽ.എ തഹസീൽദാറുടെ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക അനുവദിക്കുന്നതിനും പഞ്ചായത്ത് കമ്മിറ്റിയുടെ 2/12/16ലെ 3ാം നമ്പർ തീരുമാന പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു. പ്രിൻസിപ്പൽ സെക്രട്ടറിയുടെ 13/7/17-ലെ ആർ.സി1/138/l7/ത.സ്വ.ഭ.വ നം കത്ത് പ്രകാരം ഭൂമിയ്ക്ക് നിശ്ചയിക്കുന്ന വില ന്യായവും ജില്ലാ കളക്ടർ നിശ്ചയിച്ചിരിക്കുന്ന വിലയെ അധികരിക്കുവാൻ പാടില്ലെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഒത്ത് തീർപ്പാക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഭൂമിയുടെ ന്യായവില പുനർനിർണ്ണയിക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാകളക്ടർക്ക് വീണ്ടും കത്ത് നൽകുകയാണ് ഗ്രാമപഞ്ചായത്ത് ചെയ്തത് (എച്ച്.സി-993/17/4.10.17). ഒരു ആറിന് 15000 എന്ന നിരക്കിൽ കോടതി നിശ്ചയിച്ച തുക പുതുക്കി നിശ്ചയിക്കുന്നതിന് ജില്ലാകളക്ടർക്ക് അധികാരമില്ല എന്നും കോടതിയ്ക്ക് പുറത്ത് കേസ് ഒത്തു തീർപ്പാക്കാൻ താത്പര്യമുള്ള പക്ഷം ലീഗൽ സർവ്വീസ് അതോറിറ്റി മുൻപാകെ മീഡിയേഷന് സമീപിക്കാവുന്നതാണെന്നും ജില്ലാ കളക്ടർ 20/1/2018-ൽ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് നിഗമനം

ലാന്റ് അക്വിസിഷൻ നിയമമനുസരിച്ച് ഒരു സ്ഥലമുടമയ്ക്ക് തുക ഉയർത്തി നൽകിയാൽ അത് മറ്റുള്ളവർക്കും ക്ളെയിം ചെയ്യാൻ അവകാശമുണ്ട്. 2ഹെക്ടർ 28 ആർ സ്ഥലത്തിന് ലാന്റ് അക്വിസിഷൻ തഹസീൽദാർ നിജപ്പെടുത്തിയ കോംപെൻസേഷൻ തുക (ഒരു ആറിന് 15000 രൂപ + 30%സെലേഷ്യം+ 15% നിരക്കിൽ നാളിതുവരെയുള്ള പലിശ) നൽകുന്നതു തന്നെ പഞ്ചായത്തിന് ലക്ഷങ്ങളുടെ ബാധ്യതയാണുണ്ടാക്കുന്നത്. 2008-ൽ നിശ്ചയിച്ച കോംപെൻസേഷൻ തുക വർദ്ധിപ്പിക്കുന്ന സാഹചര്യമുണ്ടായാൽ അത് ഗ്രാമപഞ്ചായത്തിന് താങ്ങാനാവാത്ത സാമ്പത്തിക ബാധ്യതയുണ്ടാക്കും. കേസ് തീർപ്പാക്കാൻ വൈകുന്നതനുസരിച്ച് ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ബാധ്യതയും കൂടുന്നതാണ്. ജില്ലാ കളക്ടറുടെ നിർദ്ദേശാനുസരണമാണ് ലാന്റ് അക്വിസിഷൻ തഹസീൽദാർ കോംപെൻസേഷൻ തുക നിജപ്പെടുത്തി നൽകിയത്. മാത്രമല്ല കോടതി നിശ്ചയിച്ച തുക കുറയ്ക്കുന്നതിന് ജില്ലാ

കളക്ടർക്ക് അധികാരമില്ല എന്നത് വ്യക്തവുമാണ്. കേരള സർക്കാരിന്റെ 2017-18 വർഷത്തെ ബഡ്ജറ്റ് പ്രകാരം സ്റ്റേഡിയം നിർമ്മാണത്തിനായി 15 കോടി രൂപ അനുവദിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ലാന്റ് അക്വിസിഷൻ കേസുകൾ അടിയന്തിരമായി തീർപ്പാക്കേണ്ടതുണ്ട്.

ഓഡിറ്റ് ശുപാർശ

സ്റ്റേഡിയത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച സാഹചര്യത്തിൽ, ഭരണസമിതി കക്ഷികളുമായി ഉണ്ടാക്കിയ ധാരണ അനുസരിച്ച്, ഹൈക്കോടതി മീഡിയേഷൻ സെന്റർ മുഖേനയോ ലീഗൽ സർവ്വീസ് അതോറിറ്റി മുഖേനയോ കോടതിയ്ക്ക് പുറത്ത് കേസ് ഒത്തു തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-3 9.82 ലക്ഷം രൂപ മുൻകൂറായി അനുവദിച്ചുവെങ്കിലും പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 144/18 |
| അടങ്കൽ | ജില്ലാ പഞ്ചായത്ത് വിഹിതം<br>10 ലക്ഷം രൂപ |
| ചെലവ് | 982943/<br>(ചെക്ക്നമ്പർ/തീയതി-<br>3191273/25.01.2018) |

പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 10 ലക്ഷം രൂപയിൽ 982943/-രൂപ 23/1/18-ന് ക്ലീൻ കേരളാ മിഷന് നൽകിയെങ്കിലും യൂണിറ്റ് നാളിതുവരെ സ്ഥാപിച്ചിട്ടില്ല. 27/11/17-ൽ ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ചേർന്ന് ഒപ്പിട്ട എഗ്രിമെന്റ് പ്രകാരം സപ്ളൈ ഓർഡർ നൽകി 90ദിവസത്തിനകവും തുക നൽകി മൂന്ന് ആഴ്ചക്കകവും ഉപകരണങ്ങൾ ലഭ്യമാക്കേണ്ടതായിരുന്നു. പ്രതി ദിനം 1000 കി.ഗ്രാം പ്ലാസ്റ്റിക് പൊടിക്കുന്നതിന് ശേഷിയുള്ള ഷ്രഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് വേണ്ടിയാണ് തുക നൽകിയിരിക്കുന്നത്. പ്ലാസ്റ്റിക് ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് വാർഡ് അടിസ്ഥാനത്തിൽ ഹരിത കർമ്മ സേന പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഹരിത കർമ്മസേന രൂപീകരിച്ച് പ്ലാസ്റ്റിക് ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി വയബിലിറ്റി ഗ്യാപ്പ് ഫണ്ട് എന്ന പ്രോജക്ട് ആവിഷ്കരിച്ചുവെങ്കിലും നടപ്പായില്ല.

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (25/19.01.2018) മറുപടിയായി യൂണിറ്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമായ കെട്ടിടം സജ്ജീകരിക്കുവാൻ കഴിയാത്തതിനാലാണ് യൂണിറ്റ് സ്ഥാപിക്കുവാൻ കഴിയാഞ്ഞതെന്ന് അറിയിച്ചു. ഗ്രാമപഞ്ചായത്ത് വക ഒറ്റത്തേയ്ക്ക് മാർക്കറ്റിലുള്ള കെട്ടിടത്തിൽ യൂണിറ്റ് സ്ഥാപിക്കുവാൻ ഉദ്ദേശിച്ചാണ് തുക കൈമാറിയതെന്നും എന്നാൽ പരിസരവാസികളുടെ ശക്തമായ എതിർപ്പിനെ തുടർന്ന് ആയതിന് സാധിച്ചില്ലെന്നും സെക്രട്ടറി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. കൊടുമൺ മാർക്കറ്റിനകത്തുള്ള വെജിറ്റബിൾ ഫാമിംഗ് സെന്ററിന്റെ ആവശ്യത്തിനായി നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിൽ യൂണിറ്റ് സ്ഥാപിക്കുന്നതിന് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ത്രീഫേസ് ലൈൻ, വാട്ടർ കണക്ഷൻ എന്നിവ സ്ഥാപിച്ചാൽ മാത്രമേ യൂണിറ്റ് ഈ കെട്ടിടത്തിൽ സജ്ജീകരിക്കുവാൻ കഴിയുകയുള്ളൂ. മാത്രമല്ല പറക്കോട് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിൽ ശേഖരിക്കുന്ന പ്ലാസ്റ്റിക് ആണ് ഈ കേന്ദ്രത്തിൽ സംസ്കരിക്കേണ്ടത് എന്നതിനാൽ ആവശ്യമായ സ്ഥല സൗകര്യം ഉറപ്പാക്കേണ്ടതുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുവാൻ ഇപ്പോഴും ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. തുക നൽകി 8മാസങ്ങൾക്കൾക്ക് ശേഷവും യൂണിറ്റ് സ്ഥാപിക്കാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 982943/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. യൂണിറ്റ് അടിയന്തിരമായി സ്ഥാപിക്കുന്നതിനും പ്ലാസ്റ്റിക് മാലിന്യത്തിന്റെ ശാസ്ത്രീയമായ സംസ്കരണം ഉറപ്പാക്കുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-4 തെരുവ് വിളക്ക് മെയിന്റനൻസ്-കൂലിയിനത്തിൽ അധികം നൽകിയത് 1.68 ലക്ഷം രൂപ

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| പ്രോജക്ട് നമ്പർ | 142/18 | |
| അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 204105 | തനത് ഫണ്ട് 637295 |
| ചെലവ് | 204104 | 617424 |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ തെരുവ് വിളക്ക് മെയിന്റനൻസ് എന്ന പ്രോജക്ടിന്റെ ഭാഗമായി സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് നടത്തുന്നതിന് ദിവസവേതന കൂലിയിനത്തിൽ 28/6/16-ൽ നിയമിച്ച ശ്രീ.റ്റി.സജ്ജു,കൃഷ്ണപുരം, ശ്രീ.കെ.ബാബു,കൊട്ടമൺ ചിറ പടിഞ്ഞാറ്റേക്കര എന്നിവരുമായുള്ള കരാർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 9/8/17-ലെ VI/4നമ്പർ തീരുമാന പ്രകാരം ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകിയിരുന്നു. അടാട്ട് മാതൃക അവലംബിക്കുന്ന ഗ്രാമപഞ്ചായത്തുകളിലെ തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച മാർഗ്ഗരേഖ, 17.8.15-ലെ ജി2-44274/15 നമ്പർ ഉത്തരവ്, പ്രകാരം ഇലക്ട്രീഷ്യൻമാരെ നിയമിക്കുമ്പോൾ ദിവസവേതനം 700 രൂപയോ(പരമാവധി രണ്ടു പേർ) പോൾ ഒന്നിന് 75 രൂപയിലോ പരിമിതപ്പെടുത്തേണ്ടതാണ്. ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ ഒരു ദിവസം 15-നും 25നും ഇടയ്ക്ക് തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കേണ്ടതും പ്രവർത്തന രഹിതമായ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നുണ്ട് എന്നുള്ളതും ഉറപ്പാക്കേണ്ടതാണ്.

തെരുവ് വിളക്ക് മെയിന്റനൻസിന്റെ ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടുള്ള മസ്റ്റർ റോൾ പ്രകാരം നൽകിയ വേതനത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇലക്ട്രീഷ്യന്റെ പേര് | നൽകിയ തുക | വൗച്ചർ നമ്പർ/ചെക്ക് നം/ബിൽ നം/ തീയതി |
|---|---|---|
| ശ്രീ.റ്റി സജ്ജു | 100000/- | 21700574/4.10.17 |
| ശ്രീ.കെ.ബാബു, | 100000/- | 21700574/4.10.17 |
| ശ്രീ.റ്റി സജ്ജു | 63000 | ബിൽനം-264/24.2.2018 |
| ശ്രീ.കെ.ബാബു, | 63000 | ബിൽനം-264/24.2.2018 |
| ശ്രീ.റ്റി സജ്ജു | 39052 | ബിൽനം-361/27.3.2018 |
| ശ്രീ.കെ.ബാബു, | 39052 | ബിൽനം-361/27.3.2018 |

ഓരോ ദിവസവും മെയിന്റനൻസ് നടത്തിയ/മാറ്റിയിട്ട വിളക്കുകളെ സംബന്ധിച്ച് ബന്ധപ്പെട്ട ഇലക്ട്രീഷ്യൻമാർ ഒപ്പ് രേഖപ്പെടുത്തി ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള മെയിന്റനൻസ് രജിസ്റ്റർ പ്രകാരവും വാർഡ് മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തൽ പ്രകാരവുമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | മെയിന്റനൻസ് നടത്തിയ ദിവസങ്ങൾ(ഒരു ദിവസം 15 വിളക്കുകൾ എന്ന ക്രമത്തിൽ) | ഇലക്ട്രീഷ്യന്റെ പേര് | ഒരു ദിവസം 700 രൂപ ക്രമത്തിൽ അർഹമായ ശമ്പളം |
|---|---|---|---|

| | | | |
|---|---|---|---|
| 4/17 | 2/4/17 മുതൽ 30/4/17 വരെ 29ദിവസം | ബാബു-29 | 20300 |
| 5/17 | 01/5/17 മുതൽ 31/5/17 വരെ--31 ദിവസം | ബാബു-31 | 21700 |
| 6/17 | 01/6/17 മുതൽ 30/6/17 വരെ --30 ദിവസം | ബാബു-- 12ദിവസം | 8400 |
| | | സജു-- 18 ദിവസം | 12600 |
| 7/17 | 01/07/17 -31/7/17 31 ദിവസം | സജു-- 31 ദിവസം | 21700 |
| 8/17 | 1/8/17 മുതൽ 28/8/17 | സജു-- 28 ദിവസം | 19600 |
| | 29/8/17-31.8.17 | ബാബു--3 ദിവസം | 2100 |
| 9/17 | 1/9/18-2/9/18 | ബാബു--2 ദിവസം | 1400 |
| | 7/9/18-13/9/18 | ബാബു--7 | 4900 |
| | 14.9.18-30.9.18 | സജു--17 ദിവസം | 11900 |
| 10/17 | 1/10/17-26 /10/17 | സജു-- 26 | 18200 |
| | 27.10.17-31.10.17 | ബാബു-- 5 | 3500 |
| 11/17 | 1.11.17-30.11.17 | ബാബു--30 | 21000 |
| 12/17 | 1.12.17- 12.12.17 | ബാബു-- 12 | 8400 |
| 13.12.17 മുതൽ രജിസ്റ്ററിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല | 13.12.17-31.3.18 | ബാബു-43 | 30100 |
| | | സജു--43 | 30100 |
| | ആകെ-337 ദിവസം | ബാബു- 174 ദിവസം സജു-- 163 ദിവസം | 235900 |

എന്നാൽ മേൽ സൂചിപ്പിച്ച 337 ദിവസവും രണ്ടുപേരും ജോലി ചെയ്തു എന്നതിന്റെ അടിസ്ഥാനത്തിലാണ് വേതനം നൽകിയത്. ഇതനുസരിച്ച് ഒരുമാസം ശരാശരി 900 ലൈറ്റുകളുടെ മെയിന്റനൻസ് നടത്തേണ്ടിവരും. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം മെയിന്റനൻസിനായി നൽകിയ ഉപകരണങ്ങളുടെ എണ്ണം മെയിന്റനൻസ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. മെയിന്റനൻസിന്റെ ഭാഗമായി മാറ്റിയ ഉപകരണങ്ങൾ പഞ്ചായത്ത് അധികൃതരെ തിരികെ ഏൽപ്പിച്ചതിനും രേഖകളില്ല. സ്ട്രീറ്റ് ലൈറ്റുകൾ കൃത്യമായി മെയിന്റനൻസ് നടത്തുന്നില്ലെന്ന് വാർഡ് മെമ്പർമാർ കമ്മിറ്റികളിൽ പരാതിപ്പെടുകയും വേതനം നൽകുന്നതിൽ അപാകതയുണ്ടെന്ന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്. ഇലക്ട്രീഷ്യൻമാർക്ക് അധികം നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇലക്ട്രീഷ്യന്റെ പേര് | നൽകിയ തുക | അർഹമായ തുക | അധികം നൽകിയ തുക |
|---|---|---|---|
| ശ്രീ.കെ.ബാബു, | 202052 | 121800 | 80252 |

| | | | |
|---|---|---|---|
| ശ്രീ.റ്റി സജു | 202052 | 114100 | 87952 |
| | | | 168204 |

പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറിലെ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നതാണ് ഇത്തരത്തിൽ അപാകതകൾ ഉണ്ടാകുന്നതിന് കാരണമായത്. പ്രോജക്ട് മോണിട്ടറിംഗ് നടത്തേണ്ട വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയോ വർക്കിംഗ് ഗ്രൂപ്പോ ആയത് നിർവ്വഹിച്ചിട്ടില്ല. അധികം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(29/19/09.2018) നൽകിയ മറുപടിയിൽ വാർഡ് അംഗങ്ങൾ നൽകിയ സാക്ഷ്യപത്രങ്ങളിൽ പിശക് സംഭവിച്ചിട്ടുണ്ടെന്നും അപാകത പരിഹരിച്ച് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ അധികം നൽകിയ 168204 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് തടസ്സം തീർപ്പാക്കാൻ ഭരണതലത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 നിലവിലില്ലാത്ത ബൾബുകൾക്ക് താരിഫ് നൽകുന്നു - പ്രതിവർഷ നഷ്ടം 7.3ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടെ നിലവിലെ വൈദ്യുതി നിരക്ക് 121827/- രൂപയാണ്. ഇതിനാനുപാതികമായ ചാർജ് ഷീറ്റ് കെ.എസ്.ഇ.ബി ഏഴംകുളം ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് ലഭ്യമാക്കിയതു പ്രകാരം ഓർഡിനറി ബൾബ്, സോഡിയം വേപ്പർ ലാംപ് എന്നിവയ്ക്ക് വലിയ നിരക്ക് ഈടാക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | Rate | Total |
|---|---|---|---|
| ഓർഡിനറി ബൾബ്(40W) | 921 | 66 | 60786 |
| സിംഗിൾ ട്യൂബ് | 262 | 66 | 17292 |
| ഡബിൾ ട്യൂബ് | 232 | 134 | 31088 |
| സോഡിയം വേപ്പർ ലാംപ് | 21 | 447 | 9387 |
| സി.എഫ്.എൽ | 95 | 32 | 3040 |
| സി.എഫ്.എൽ | 9 | 26 | 234 |
| | 1540 | 771 | 121827 |

എന്നാൽ ഗ്രാമപഞ്ചായത്തിൽ വർഷങ്ങളായി ഓർഡിനറി ബൾബ് വാങ്ങുന്നില്ല. 2013-14 വർഷം മുതൽ വാങ്ങിയ തെരുവ് വിളക്കുകളുടെ വിശദാംശം, സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ലഭ്യമായത് ചുവടെ ചേർക്കുന്നു.

| വർഷം | പ്രോജക്ട് നമ്പർ | വാങ്ങിയ തെരുവ് വിളക്കുകളുടെ വിശദാംശം (ഫ്ലൂറസെന്റ് ട്യൂബ്/സിംഗിൾ ട്യൂബ്) |
|---|---|---|
| 2013-14 | 90/14 | 130 |
| | 91/14 | 1055 |
| | 169/14(എസ്.സി.പി) | 130 |
| 2014-15 | 14/15 | 705 |
| | 20/15 | 125 |
| | 45/15 | 125 |
| 2015-16 | 26/16 | 900 |
| | 27/16 | 176 |
| | 28/16 | 176 |
| 2016-17 | 177/17 | 540 |
| | | 800 |

| | | |
|---|---|---|
| | 170/17(എസ്.സി.പി) | 213 |
| | 174/17 | 185 |
| 2017-18 | 142/18 | 1905 |
| | 140/18 | 288 |
| | 141/18 | 252 |

കഴിഞ്ഞ 5വർഷമായി ഓർഡിനറി ബൾബ് വാങ്ങാത്തതിനാൽ ഊർജ്ജ ഉപഭോഗം കൂടിയ ഓർഡിനറി ബൾബുകളില്ല എന്ന നിഗമനത്തിലെത്താവുന്നതാണ്. ഇല്ലാത്ത 921 ബൾബുകൾക്ക് ഗ്രാമപഞ്ചായത്ത് പ്രതിവർഷം വൈദ്യുതിചാർജിനത്തിൽ 729432/- രൂപ ചെലവഴിക്കുന്നത് ഗുരുതരമായ സ്ഥിതിവിശേഷമാണ്. വർഷങ്ങളായി ഈ സ്ഥിതി തുടർന്നിട്ടും തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കാതിരുന്നത് അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. ഗ്രാമപഞ്ചായത്ത് ഫണ്ടിന് വലിയ ബാദ്ധ്യത സൃഷ്ടിക്കുന്ന ഒരു ആവർത്തന ചെലവ് എന്ന നിലയിൽ പ്രകാശിക്കുന്ന തെരുവ് വിളക്കുകൾക്കുമാത്രമാണ് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതെന്നും, വൈദ്യുതി ചാർജ്ജ് ന്യായയുക്തമാണെന്നും ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം ചെലവ് നടത്തുന്ന ഉദ്യോഗസ്ഥനും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയ്ക്കുമുണ്ട്.

നിലവിൽ 21സോഡിയം വേപ്പർ ലാമ്പുകൾക്ക് പ്രതിമാസം 9387 രൂപയാണ് ഗ്രാമപഞ്ചായത്ത് ചാർജ്ജ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണവും, തരവും (അവ സ്ഥാപിക്കപ്പെട്ടിട്ടുള്ള പോസ്റ്റ് നമ്പർ ഉൾപ്പടെ) എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഇവയുടെ എണ്ണത്തിന്റെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല. വർഷങ്ങളായി ട്യൂബ് ലൈറ്റുകളാണ് ഗ്രാമപഞ്ചായത്തിൽ വാങ്ങുന്നത്. താരതമ്യേന ഊർജ്ജ ഉപഭോഗം കൂടിയതും പരിപാലനം ചെലവ് ഏറിയതുമായ ഇത്തരം തെരുവ് വിളക്കുകൾ പരമാവധി ഒഴിവാക്കി ഊർജ്ജ ഉപഭോഗം കുറഞ്ഞ എൽ.ഇ.ഡി./സി.എഫ്.എൽ വിളക്കുകൾ സ്ഥാപിക്കുകയാണെങ്കിൽ താരിഫ് ഇനത്തിൽ ഗണ്യമായ തുക ഗ്രാമപഞ്ചായത്തിന് ലാഭിക്കാവുന്നതാണ്.

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഗണ്യമായ തുക പാഴ്ചെലവ് ആകുന്ന സാഹചര്യത്തിൽ, തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് എത്രയും നടപടി സ്വീകരിക്കേണ്ടതാണ്. ഹ്രസ്വകാല നടപടി എന്ന നിലയിൽ ഒരു സംയുക്ത പരിശോധനയിലൂടെ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ തിട്ടപ്പെടുത്തി തെരുവ് വിളക്കുളുടെ രജിസ്റ്റർ തയ്യാറാക്കുന്നതിനും, നിലവിലില്ലാത്ത 921 ഓർഡിനറി ബൾബുകളുടെ വൈദ്യുതി ചാർജ്ജ് ഒഴിവാക്കുന്നതിനും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി സത്വര നടപടി സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-6 പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ. ഉ (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജിവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 1, 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ശമ്പളപരിഷ്കരണ ഉത്തരവ് ഖണ്ഡിക48 പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നുവെങ്കിലും ആയത് നാളിതുവരെ ഒടുക്കിയില്ല. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017 /ഫിൻ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്ന ചുവടെ ചേർക്കുന്ന ജീവനക്കാർക്ക് 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചിട്ടുണ്ട്.

| ക്രമനമ്പർ | ജീവനക്കാരുടെ പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി ബി.വൽസല കുമാരി | സെക്രട്ടറി |
| 2 | ശ്രീ. കെ.പി.സുരേന്ദ്രൻ | അസി.സെക്രട്ടറി |
| 3 | ശ്രീ.അനിൽകുമാർ | ഹെഡ്ക്ലാർക്ക് |
| 4 | ശ്രീമതി ശ്രുതി എസ് | സീനിയർ ക്ലാർക്ക് |
| 5 | ശ്രീമതി സിനിമോൾ | സീനിയർ ക്ലാർക്ക് |

| | | |
|---|---|---|
| | കെ.എസ് | |
| 6 | ശ്രീ.ഷിജി വി | സീനിയർ ക്ലാർക്ക് |
| 7 | ശ്രീ.ബൈജു സി.കെ | ക്ലാർക്ക് |
| 8 | ശ്രീമതി രാജി വി നായർ | ക്ലാർക്ക് |
| 9 | ശ്രീമതി ജിനിമോൾ സി.ആർ | ക്ലാർക്ക് |
| 10 | ശ്രീമതി ഷീജ എസ് | ഓഫീസ് അറ്റൻഡന്റ് |
| 11 | ശ്രീമതി അനിത സി.ജി | ഓഫീസ് അറ്റൻഡന്റ് |
| 12 | ശ്രീമതി വി.ആർ.പ്രേമലത | ഫുൾ ടൈം സ്വീപ്പർ |

അടിസ്ഥാന ശമ്പളത്തിന്റെ 15% ആണ് പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കേണ്ടത്. ടി ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-7 സർക്കാർ അനുമതി വാങ്ങാതെ ഡ്രൈവറെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചു

പഞ്ചായത്ത് വക വാഹനത്തിന്റെ ഡ്രൈവറായി താല്ക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കുന്ന ശ്രീ. എൻ.സിജുകുമാറിന് 05/17 മുതൽ പ്രതിമാസം 18900 രൂപ നിരക്കിലാണ് വേതനം നൽകിവരുന്നത്. ഡ്രൈവർ തസ്തിക നിലവിലില്ലാത്ത പഞ്ചായത്തുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിക്കുന്നതിനാണ് വകുപ്പിന്റെ അനുമതിയുള്ളത്. ഇപ്രകാരം നിയമിക്കപ്പെടുന്ന ഡ്രൈവർമാർക്ക് മസ്റ്റർ റോൾ വെച്ച് അവർ ജോലി ചെയ്യുന്ന ദിവസങ്ങൾക്കാനുപാതികമായി ഒരു ദിവസത്തേക്ക് 685 രൂപ നിരക്കിൽ പരമാവധി 18450 രൂപയാണ് പ്രതിമാസം നൽകാവുന്നത്. [ജി.ഒ.(പി.)നം.56/2017/ധന., തീ.28.04.17]. എന്നാൽ ഇതിന് വിരുദ്ധമായി മസ്റ്റർ റോൾ സൂക്ഷിക്കാതെ 05/17 മുതൽ പ്രതിമാസം 18900 രൂപ നിരക്കിൽ കരാർ വ്യവസ്ഥയിൽ ജോലിചെയ്യുന്ന ഡ്രൈവർക്ക് ബാധകമായ വേതനം നൽകി. 26/2/16-ലെ ജി.ഒ(പി)28/2016/ഫിൻ നമ്പർ ഉത്തരവ് ഖണ്ഡിക 6 പ്രകാരം 10 വർഷത്തിലധികം തുടർച്ചയായി താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ സർക്കാറിന്റെ അനുമതിയോടുകൂടി 3വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ശ്രീ.സിജുകുമാർ 10 വർഷത്തിലധികമായി പഞ്ചായത്തിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്യുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ, സർക്കാർ അനുമതി വാങ്ങാതെ പഞ്ചായത്ത് കമ്മിറ്റിയുടെ 4/3/16-ലെ II(7)-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെ 3 വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയാണുണ്ടായതെന്ന് ഇത് സംബന്ധിച്ച് നൽകിയ 14-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ ടിയാന്റെ കരാർ നിയമനം സർക്കാർ അനുമതിയോടുകൂടി ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 ഖരമാലിന്യസംസ്കരണപ്ലാന്റ് തുടർ പ്രവർത്തനം; നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 143/18 |
| അടങ്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-<br>6 ലക്ഷം |
| ചെലവ് | 6ലക്ഷം<br>ബിൽ നം/തീ.171 |

| | |
|---|---|
| | /18/23/12/17 |

സെക്രട്ടറി നടപ്പിലാക്കിയ ഖരമാലിന്യ സംസ്കരണ പ്ലാന്റ്-തുടർ പ്രവർത്തനം എന്ന പ്രോജക്റ്റ് ശുചിത്വമിഷൻ അംഗീകരിച്ച സർവ്വീസ് പ്രൊവൈഡറായ കോർ ഫൗണ്ടേഷൻ മുഖേനയാണ് നിർവ്വഹണം നടത്തിയത്. 2008-09 വർഷം കോർ ഫൗണ്ടേഷനാണ് പ്ലാന്റിന്റെ നിർമ്മാണം നടത്തിയത്. 2008-09 മുതൽ 2012-13 വരെ കോർ ഫൗണ്ടേഷനും 2013-14 മുതൽ 2016-17 വരെ പഞ്ചായത്ത് നേരിട്ടും പ്ലാന്റിന്റെ പ്രവർത്തനവും മെയിന്റനൻസും നടത്തി. തുടർന്ന് 2017-18 വർഷം പ്ലാന്റിന്റേയും ജനറേറ്ററിന്റേയും പ്രവർത്തനം തകരാറിലായതിനെ തുടർന്ന് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോർ ഫൗണ്ടഷനെ തന്നെ പ്ലാന്റ് പുനരുദ്ധീകരിക്കുന്നതിനും തുടർ പ്രവർത്തനം നടത്തുന്നതിനും ചുമതലപ്പെടുത്തുകയും പ്രോജക്റ്റിന് വകയിരുത്തിയ തുക കൈമാറുകയും ചെയ്തു. പ്രോജക്റ്റ് നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. കോർ ഫൗണ്ടഷന് സമർപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പ്രോജക്റ്റ് തയ്യാറാക്കി 6 ലക്ഷം രൂപ മുൻകൂറായി കൈമാറുകയാണ് ചെയ്തത്. ശുചിത്വമിഷൻ അംഗീകരിച്ച സർവ്വീസ് പ്രൊവൈഡർക്ക് വികസന ഫണ്ട് അഡ്വാൻസ് ആയി കൈമാറുവാൻ അനുവദിച്ച് സർക്കാർ ഉത്തരവില്ല.

2. ഓപ്പറേഷൻ & മെയിന്റനൻസ് സംബന്ധിച്ച വിവിധ ഇനങ്ങളിലുള്ള ചെലവിന്റെ വിശദാംശം സ്ഥാപനം ഹാജരാക്കിയിട്ടില്ല. പ്രോജക്റ്റ് പ്രകാരം താഴെപ്പറയുന്ന ഇനങ്ങൾക്കാണ് തുക വകയിരുത്തിയിരുന്നത്.

| | |
|---|---|
| ആനുവൽ മെയിന്റനൻസ് കോൺട്രാക്റ്റ് | 366000 |
| ലൈറ്റ് സ്ഥാപിക്കൽ | 201250 |
| ജി.എസ്.ടി | 28575 |
| അനുബന്ധച്ചെലവുകൾ | 4175 |
| ആകെ | 6 ലക്ഷം |

എന്നാൽ എസ്റ്റിമേറ്റിന് ശുചിത്വമിഷന്റെ അംഗീകാരം വാങ്ങിയിട്ടില്ല. പ്ളാന്റിന്റെ പ്രവർത്തനം ക്ഷമതയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്താത്തതിനാൽ മുൻകൂറായി നൽകിയ ചെലവിന്റെ സാധുത ഉറപ്പാക്കാൻ കഴിയുന്നില്ല.

3. നിയമാനുസൃതമുള്ള മുദ്രപത്രത്തിലല്ല സ്ഥാപനവുമായി എഗ്രിമെന്റ് ചമച്ചിരിക്കുന്നത്. 22/1/13-ൽ വാങ്ങിയ 100/ രൂപ മൂല്യമുള്ള മുദ്രപത്രം ആണ് സ്ഥാപനം ഹാജരാക്കിയിരുന്നത്. കരാർ പ്രകാരമുള്ള വ്യവസ്ഥകളിൽ നിന്നും സ്ഥാപനം വ്യതിചലിച്ചാൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുവാൻ കഴിയില്ല. സ്ഥാപനം ഇ.എം.ഡി/സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ തുക ഒടുക്കിയിട്ടുമില്ല

4. പ്രോജക്റ്റ് പ്രകാരം ജി.എസ്.ടി ഇനത്തിൽ വകയിരുത്തിയിരുന്ന തുക 28575/ സ്ഥാപനം കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ ജി.എസ്.ടി രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

5. സ്ഥാപനവുമായി 22/12/17-ൽ ഗ്രാമപഞ്ചായത്ത് ചമച്ചിട്ടുള്ള കരാർ പ്രകാരം പ്ലാന്റിന്റെ 01/04/18 മുതൽ 31.3.19 വരെയുള്ള ഓപ്പറേഷൻ & മെയിന്റനൻസ് സ്ഥാപനം നടത്തുമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ സ്ഥാപനത്തിന് നൽകിയ 6ലക്ഷം രൂപയും പൂർണ്ണമായും വിനിയോഗിച്ചതായാണ് വിനിയോഗ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/19.09.2018) മറുപടിയായി സ്ഥാപനം സ്തുത്യർഹമായ നിലയിൽ പ്ലാന്റിന്റെ പ്രവർത്തനം നടത്തുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ബയോ ഗ്യാസ് പ്ലാന്റിൽ നിന്നുള്ള വാതകം ഉപയോഗിച്ച് ജനറേറ്റർ പ്രവർത്തിപ്പിക്കുകയും ഓഫീസിന്റെ പരിസരം, മാർക്കറ്റ്, സമീപ സ്ഥലങ്ങളിലായി 31 എൽ.ഇ.ഡി. ലൈറ്റുകൾ ദിവസേന 4 മണിക്കൂർ പ്രവർത്തിപ്പിക്കുന്നുണ്ടെന്നും സെക്രട്ടറി അറിയിച്ചു. വൈദ്യുതി മുടക്കം വരുമ്പോൾ ഗ്രാമപഞ്ചായത്തിലെ ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നുണ്ട്. ബയോഗ്യാസ് പ്ളാന്റ് പ്രവർത്തനക്ഷമമാണ് എന്നത് ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടുവെങ്കിലും ദിവസേന കുറഞ്ഞത് 11/2 ലിറ്ററോളം ഡീസൽ ജനറേറ്റർ പ്രവർത്തിപ്പിക്കുവാൻ ആവശ്യം വരുന്നുണ്ട് എന്നതിനാൽ പ്ലാന്റിന്റെ പ്രവർത്തനത്തിനാവശ്യമായ ബയോവേസ്റ്റ് മാർക്കറ്റിൽ നിന്നും പരിസരത്തു നിന്നും സംഭരിക്കുന്നുണ്ടോ എന്നത് ഉറപ്പാക്കാൻ കഴിയുന്നില്ല. പ്ലാന്റിന്റെ പ്രവർത്തനം സംബന്ധിച്ച് ശുചിത്വമിഷനിൽ നിന്നും സാക്ഷ്യപത്രം വാങ്ങി പരിശോധിക്കുന്നതിനും നിർവ്വഹണത്തിലുണ്ടായ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 3-9 കാർഷിക സഹായകേന്ദ്രം നാളിതുവരെ പ്രാവർത്തികമായില്ല; സർക്കാർ ഫണ്ട് 50000 രൂപ പാഴായി

ഗ്രാമപ്പഞ്ചായത്തുകളിൽ കാർഷിക സഹായ കേന്ദ്രം(Farmers Facilitation Centre) ആരംഭിക്കുകയെന്ന കുടുംബശ്രീ മിഷന്റെ പ്രോജക്റ്റിന്റെ ഭാഗമായി കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനായി 50000 രൂപ 31/12/13ന് ഗ്രാമപ്പഞ്ചായത്ത്

സി.ഡി.എസിന് ലഭിച്ചിരുന്നു. കുടുംബശ്രീ ജില്ലാ മിഷൻ ചുമതലപ്പെടുത്തിയ വിതരണക്കാർ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുക കൈമാറണമെന്നാണ് നിർദ്ദേശിച്ചിരുന്നത്. 9/7/14-ന് കാർഷിക യന്ത്രോപകരണങ്ങൾ ലഭ്യമാക്കിയതനുസരിച്ച് 50000 രൂപ ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ഇപ്രകാരം ലഭിച്ച ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നതിനായി കാർഷിക സഹായകേന്ദ്രം ആരംഭിക്കുന്നതിനും കർഷകർക്ക് ന്യായമായ നിരക്കിൽ വാടകയ്ക്ക് നൽകി സി.ഡി.എസ്.ഫണ്ടിൽ മുതൽക്കൂട്ടുന്നതിനുമായിരുന്നു കുടുംബശ്രീ മിഷൻ നിർദ്ദേശിച്ചിരുന്നത്. എന്നാൽ നാളിതുവരെ ഇപ്രകാരമൊരു കാർഷിക സഹായ കേന്ദ്രം ആരംഭിച്ചിട്ടില്ല. വാങ്ങിയ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | വില |
|---|---|---|---|---|
| 1 | Portable pump set with 30m hose | 1 | 20000 | 20000 |
| 2 | Hand Compression Sprayer 9 ltr | 1 | 4050 | 4050 |
| 3 | Hand Compression Sprayer 13 Lr | 1 | 1975 | 1975 |
| 4 | Coconut Climber | 2 | 2900 | 5800 |
| 5 | Mammtty | 10 | 380 | 3800 |
| 6 | Thoompa | 10 | 341 | 3410 |
| 7 | Koothali | 10 | 440 | 4400 |
| 8 | Garden rake | 3 | 155 | 465 |
| 19 | Hand cultivater | 5 | 240 | 1200 |
| 10 | Pick axe | 5 | 378 | 1890 |
| 11 | Metal chutty | 10 | 102 | 1020 |
| 12 | Little sprayer, 1.5Lr | 10 | 200 | 2000 |
| | ആകെ | | | 50000 |

ഈ ഉപകരണങ്ങൾ ഉപയോഗിക്കാതെ മാർക്കറ്റിനോടനുബന്ധിച്ച മുറിയിൽ കൂട്ടിയിട്ടിരിക്കുകയാണ്. കാർഷിക ഗ്രാമമായ കൊടുമണ്ണിലെ 80 ശതമാനത്തിലധികം ജനങ്ങളും കൃഷി മുഖ്യ ഉപജീവനമാർഗ്ഗമായിട്ടുള്ളവരാണ്. ആയതിനാൽ കാർഷിക സഹായ കേന്ദ്രം പ്രവർത്തനക്ഷമമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയ വർക്ക് കോൺട്രാക്ട് സേവനങ്ങൾക്ക് നികുതി ഈടാക്കി

1994 ലെ ഫൈനാൻസ് ആക്ട് ചാപ്റ്റർ V സെക്ഷൻ 66 E(h) പ്രകാരം വർക്ക് കോൺട്രാക്ടിൽ ഉൾപ്പെടുന്ന സേവന ഭാഗത്തെ ഡിക്ലയേർഡ് സർവ്വീസ് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സേവനങ്ങൾക്ക് അതത് കാലം പ്രാബല്യത്തിലുള്ള നിരക്കിൽ സേവന നികുതി ഈടാക്കേണ്ടതാണ്. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 20-06-2012 ലെ 25/2012 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം സേവന നികുതി ഒടുക്കുന്നതിൻ നിന്നും നിശ്ചിത സേവനങ്ങളെ ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിലെ ക്രമ നം.12 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ വാടകയ്ക്ക് നൽകുവാനായോ വ്യവസായ വാണിജ്യ ആവശ്യങ്ങൾക്കായോ പണി കഴിപ്പിക്കുന്ന കെട്ടിടങ്ങൾ ഒഴികെ തദ്ദേശ സ്ഥാപനങ്ങൾക്ക് വേണ്ടി നിർമ്മിച്ച് നൽകുന്ന കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വർക്ക് കോൺട്രാക്ടിലെ സേവനങ്ങളെ സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പിന്നീട് 01-03-2015 ലെ 06/15 നം . നോട്ടിഫിക്കേഷൻ പ്രകാരം മേൽ നോട്ടിഫിക്കേഷനിലെ ഇനം - 12 ലെ a,c,f എന്നിവയിൽ പറഞ്ഞിരിക്കുന്ന സേവനങ്ങളെ സേവന നികുതിയിൽ നിന്നും ഒഴിവാക്കിയത് ഡീലീറ്റ് ചെയ്യുകയുണ്ടായി. തുടർന്ന് 01-03-2016 ലെ 09/16 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം 25/12 ലെ നോട്ടിഫിക്കേഷനിലെ ഇനം - 12 ന് താഴെയായി 12A (a),(b),(c) എന്ന ഇനമായി മേൽ ഇനങ്ങൾ സേവന നികുതി നൽകുന്നതിൽ നിന്നും ഒഴിവാക്കി വീണ്ടും കൂട്ടി ചേർക്കുകയുണ്ടായി. എന്നാൽ മേൽ വിജ്ഞാപനം പരിഗണിക്കാതെ ഗ്രാമ പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ടുള്ള വർക്ക് കോൺട്രാക്ടിലെ സേവനങ്ങൾക്ക് എസ്റ്റിമേറ്റിൽ സേവന നികുതി ഒടുക്കുന്നതിനായി തുക വകയിരുത്തി പിൻവലിച്ചിട്ടുള്ളതായി കാണുന്നു. അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പ്പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും സേവന നികുതിയിനത്തിൽ തുക പിൻവലിച്ച് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | പ്രവൃത്തിമൂല്യം | ഫൈനൽ തുക ബിൽ നം./ ചെക്ക് | സേവന നികുതിയിനത്തിൽ |
|---|---|---|---|---|

| | | | നം./തീയതി | പിൻ വലിച്ച തുക |
|---|---|---|---|---|
| 1. | ചന്ദനപ്പള്ളി പി.എച്ച്.സി കെട്ടിട നിർമ്മാണം(198/16-17, 29/17-18)<br>അടങ്കൽ : 3154364/-(ലോകബാങ്ക് സഹായം )<br>കരാറുകാരൻ :ജോർജ്ജ് സൈബു | 2410579/- | 830136/-<br>23/17-18 /31-10-2017 | 144635/- |
| 2. | നെടുമൺകാവ് എൽ.പി.എസ് മെയിന്റനൻസ്(198/16-17, 29/17-18)<br>അടങ്കൽ : 300000/-(റോഡിതര മെയിന്റനൻസ് ഗ്രാന്റ് )<br>കരാറുകാരൻ :ജെ.കെ.സോളമൻ | 185305/- | 204765/-<br>20/17-18 /07-10-2017 | 19460/- |
| 3. | എ.കെ.ജി കോളനി വൃദ്ധ സദനം പുനരുദ്ധാരണം(168/16-17, 80/17-18)<br>അടങ്കൽ : 687300/-(വികസന ഫണ്ട് എസ്.സി.പി )<br>കരാറുകാരി : ശശികല | 593520/- | 655840/-<br>47/17-18 /15-03-2018 | 62320/- |
| 4. | ASRV UPS ഐക്കാട് പുനരുദ്ധാരണം(145/16-17, 70/17-18,131/19)<br>അടങ്കൽ : 480000/-(റോഡിതര മെയിന്റനൻസ് ഗ്രാന്റ് )<br>കരാറുകാരൻ :സുധീഷ് കുമാർ.വി | 397777/- | 439544/-<br>01/18-19/16-05-18 | 41767/- |
| 5 | കൊടുമൺ മാർക്കറ്റ് നവീകരണം<br>(181/16-17, 82/17-18)<br>അടങ്കൽ : 1500000/-(തനത് ഫണ്ട്-100000/-ജില്ലാ പഞ്ചായത്ത് ഫണ്ട് 1400000/- )<br>കരാറുകാരൻ : രാജേഷ്.കെ | 1197156/- | 1268985/-<br>ചെക്ക് നം. 3191272/25-01-18 | 71829/- |

| | | | | |
|---|---|---|---|---|
| 6 | ഒറ്റത്തേക്ക് ഷോപ്പിംഗ് കോംപ്ലക്സ് പുനരുദ്ധാരണം(182/16-17, 83/17-18)<br>അടങ്കൽ : 450000/-(തനത് ഫണ്ട്)<br>കരാറുകാരൻ :ജെ.കെ.സോളമൻ | 340078/- | 375786/-<br>ചെക്ക് നം. 2833952/20-03-18 | 35708/- |

ക്രമ നം.1 മുതൽ 4 വരെയുള്ള വർക്ക് കോൺട്രാക്ടിലെ സേവനങ്ങളെ സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ള സാഹചര്യത്തിൽ ഈയിനത്തിൽ പിൻ വലിച്ച തുക ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരികെ ഒടുക്കുന്നതിനായി ശ്രദ്ധയിൽപ്പെടുത്തുന്നു.

ക്രമ നം.5 മുതൽ 6വരെയുള്ള വർക്ക് കോൺട്രാക്ടിലെ സേവനങ്ങൾ തദ്ദേശ സ്ഥാപനം വാടകയ്ക്ക് നൽകുവാനോ വാണിജ്യ ആവശ്യങ്ങൾക്കായോ പണി കഴിപ്പിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട വർക്ക് കോൺട്രാക്ട് സേവനങ്ങൾ സേവന നികുതിയുടെ പരിധിയിൽ വരുന്നതായതിനാൽ പ്രസ്തുത പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിടിച്ച സേവന നികുതിയിനത്തിലുള്ള തുക കേന്ദ്ര ഫണ്ടിലേക്ക് അടക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത തുക യഥാസമയം ഒടുക്ക് വരുത്താതെ തനത് ഫണ്ടിൽ നിക്ഷേപിച്ചതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/19-09-18) മറുപടി ലഭ്യമാക്കിയില്ല. 01-07-17 മുതൽ സേവന നികുതി ജി.എസ്.റ്റിയിൽ ലയിപ്പിച്ചതിനാൽ പ്രസ്തുത രണ്ട് പ്രവൃത്തികളുടെ സേവന നികുതി തുക ജി.എസ്.റ്റിയിലേക്ക് ഒടുക്ക് വരുത്തുന്നതിനായും ശ്രദ്ധയിൽപ്പെടുത്തുന്നു. കേന്ദ്ര / സംസ്ഥാന ഗവൺമെന്റിലേക്കുള്ള നികുതികൾ ഒടുക്ക് വരുത്തുന്നതിനായി പിടിക്കുന്ന തുക യഥാസമയം ഒടുക്ക് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-11 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല

2017-18 സാമ്പത്തിക വർഷം അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ക്ഷേമനിധി ഫണ്ട് ഇനത്തിൽ 194588/- രൂപ ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുക ക്ഷേമനിധി ബോർഡിൽ ഒടുക്കിയത് ബോർഡ് സെക്രട്ടറി കൈപ്പറ്റിയതായി രേഖയില്ല. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് വിവിധ തീയതികളിലായാണ് പ്രസ്തുത തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുള്ളതെന്ന് അസി.എഞ്ചിനിയർ അറിയിച്ചു. എന്നാൽ ഔദ്യോഗിക രസീത് ലഭ്യമാക്കിയിട്ടില്ല. തൻ വർഷം ഈടാക്കിയ ക്ഷേമനിധി തുക ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ടോയെന്ന് അന്വേഷിച്ച് ഉറപ്പ് വരുത്തി ഔദ്യോഗിക രസീത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-12 പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി വിഭാഗം മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നത് പ്രവൃത്തിയുടെ നിർവ്വഹണത്തിലെ ഗുരുതരമായ ഒരു പോരായ്മയാണ്. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ - 2103 പ്രകാരം ഓരോ പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിന് ഫലപ്രദമായ സൂപ്പർവിഷൻ നിർബന്ധമാക്കേണ്ടതും, പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കേണ്ടതുമാണ്. ഗുണ പരിശോധനാ ടെസ്റ്റുകളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ രേഖകളോടൊപ്പം ഉൾപ്പെടുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്നു. മാന്വലിലെ ക്ലോസ് - 2401. 2406 എന്നിവ പ്രകാരം 3 – Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നിർബന്ധമാക്കിയിട്ടുണ്ട്. GO(Rt) 469/2013/PWD/ തീയതി 30-03-2013-ാം നമ്പർ ഉത്തരവ് പ്രകാരം പി.ഡബ്ല്യൂ.ഡി.യിൽ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. എൽ.എസ്.ജി.ഡി മുഖേനയുള്ള പ്രവൃത്തികൾക്കും ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്തേണ്ടതാണെന്ന് സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയും മാന്വലിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ലാബ് ടെസ്റ്റുകൾ മറ്റ് പരിശോധനകൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ കരാറുകാർ തന്നെ വഹിക്കേണ്ടതാണെന്ന് ഇ-പ്രോക്വയർമെന്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഈ കാര്യം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല.എന്നാൽ തൻ വർഷം നടപ്പാക്കിയ ഒറ്റ പ്രവൃത്തിയിൽ പോലും പരിശോധന നടത്തിയിട്ടില്ല. രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധനയ്ക്ക് പ്രത്യേകം ലാബ് സൗകര്യങ്ങളും ഉപകരണങ്ങളും പ്രവർത്തന സജ്ജമായിട്ടും എൽ.എസ്.ജി.ഡി വിഭാഗം ഈ വിഷയത്തിൽ യാതൊരു താല്പര്യവും കാണിക്കുന്നില്ല. പരിശോധനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ ജില്ലാ പഞ്ചായത്തിൽ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രവർത്തന സജ്ജമാക്കിയിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധേയമാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിന്മേൽ ചർച്ച നടത്തി വേണ്ട നിർദ്ദേശങ്ങൾ ഭരണ സമിതിക്ക് മുമ്പാകെ സമർപ്പിച്ചിട്ടില്ലാത്തത് മേൽനോട്ട ചുമതലയിലെ വീഴ്ചയാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്താതിരുന്നത് അത്യന്തം ഖേദകരമായ കാര്യമാണ്. MORTH, MORD മുതലായ സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ള ഉയർന്ന നിരക്കുകൾ മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുമ്പോൾ

സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളത് പ്രകാരമുള്ള നിർമ്മാണ സാമഗ്രികൾ ജില്ലയിൽ ലഭ്യമല്ലാത്ത സാഹചര്യത്തിലും (പ്രത്യേകിച്ചും നിശ്ചിത അനുപാതത്തിലും അളവിലുമുള്ള മെറ്റൽ) ഇത്തരം സാധനങ്ങൾ ഉപയോഗിച്ചുവെന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി ഉയർന്ന നിരക്കിൽ പ്രതിഫലം കൈപ്പറ്റുന്നതായി വ്യക്തമാണ്. പൊതുപണം ദുർവ്യയം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗുണ നിലവാര പരിശോധന കർശനമായി നടത്തേണ്ടതുണ്ട്. തദ്ദേശ സ്ഥാപനത്തിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ വേണ്ട നിർദ്ദേശം ഭരണസമിതിക്ക് നൽകി ആവശ്യമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

## 3-13 കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷന് തുക വകയിരുത്തിയില്ല - പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2016-17 വർഷം ആവിഷ്കരിച്ച് 2017-18 വർഷം സ്പിൽ ഓവറായി നടപ്പാക്കിയ ചന്ദനപ്പള്ളി പി.എച്ച്.സി കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് ലംപ്സമായി തുക വകയിരുത്തിയിരുന്നില്ല. 315464/- രൂപ ലോകബാങ്ക് സഹായം വകയിരുത്തി തയ്യാറാക്കിയ എസ്റ്റിമേറ്റ് പിന്നീട് റിവൈസ് ചെയ്യുകയും ആയതിന് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. 26-05-17 ലെ VI(15) ാം നം. തീരുമാന പ്രകാരം ഭരണസമിതിയും ആയത് അംഗീകരിച്ചിട്ടുണ്ട്. ശ്രീ.ജോർജ്ജ് സൈബു ഐറ്റം വൈസ് നിരക്കിൽ 2574845.05 രൂപ ക്വോട്ട് ചെയ്ത ഇ-ടെണ്ടർ അഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 31-03-17ൽ പ്രവൃത്തി ഏറ്റെടുത്ത് 11-09-17 ൽ പൂർത്തീകരിച്ചു. അളവ് പുസ്തകം 336/16-17,337/16-17പ്രകാരം 2410579/- രൂപ ആകെ പ്രവൃത്തി മൂല്യം കണക്കാക്കിയിട്ടുണ്ട്. 6% സർവ്വീസ് ടാക്സും മറ്റ് നികുതികളും ഉൾപ്പെടെ ഒന്നാം പാർട്ട് ബിൽ പ്രകാരം 1725076/- രൂപയും(ബിൽ നം.15/17-18/17-08-17) ഫൈനൽ ബിൽ പ്രകാരം 830136/- രൂപയും (ബിൽ നം.23/17-18/31-10-17) ടി പ്രവൃത്തിക്കായി ചെലവഴിച്ചിട്ടുണ്ട്. സർവ്വീസ് ടാക്സ് ഇനത്തിലുള്ള 144365 രൂപ ട്രഷറി തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ടിരിക്കുകയാണ്.

ജി.ഒ(എം.എസ്)4/2016,തസ്വ.ഭ.വ തീ.11-01-16 പ്രകാരമുള്ള പന്ത്രണ്ടാം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗ രേഖയിൽ (2016-17 വർഷത്തേക്ക്) ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ ഏതെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്നും ഇലക്ട്രിഫിക്കേഷൻ പ്ലംബിംഗ് എന്നിവയ്ക്ക് ലംപ്സം ആയി വകയിരുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ സ്ട്രക്ച്ചർ ആയിക്കഴിഞ്ഞാൽ ഇവയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയ ശേഷം മരാമത്ത് ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് ചെയ്യുകയാണ് വേണ്ടത്. തുകയ്ക്ക് പരിമിതിയുണ്ടെങ്കിൽ ബഹു വർഷ പ്രോജക്ടായാണ് ഏറ്റെടുക്കേണ്ടത്. തുകയ്ക്ക് ന്യൂനതമായി ഭാഗീകമായി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ആയതിന് അംഗീകാരം നൽകുവാനോ പാടില്ലെന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ടി കെട്ടിട നിർമ്മാണങ്ങളുടെ എസ്റ്റിമേറ്റിൽ പ്ലംബിംഗ് പ്രവൃത്തികൾ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഇലക്ട്രിഫിക്കേഷന് തുക വകയിരുത്തിയിരുന്നില്ല. മേൽ ഉത്തരവിന് വിരുദ്ധമായാണ് സാങ്കേതികാനുമതി നല്കിയിട്ടുള്ളത് . ടി അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/19-09-18)ലഭ്യമാക്കിയ മറുപടിയിൽ വേൾഡ് ബാങ്ക് ഫണ്ട് നഷ്ടപ്പെടാതിരിക്കുവാൻ പെട്ടെന്ന് നടപ്പിലാക്കേണ്ടി വന്ന പ്രോജക്ടായതിനാൽ ഇലക്ട്രിഫിക്കേഷൻ കൂടി ഉൾപ്പെടുത്താൻ കഴിഞ്ഞില്ലായെന്ന് എഞ്ചിനീയർ അറിയിച്ചു. ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിന് പദ്ധതി തയ്യാറാക്കുന്നതാനായി നടപടികൾ നടന്നുവരുന്നതായും അറിയിച്ചു. എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിയറും അതിന് മേലൊപ്പ് ചാർത്തിയ എക്സി.എഞ്ചിനീയറും സാങ്കേതിക ഉത്തരവുകൾ പാലിക്കുന്നതിന് ബാധ്യസ്ഥരാണ്. ഇത്തരം വീഴ്ചകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

## 3-14 മുപ്പത്തിയാറ് ശതമാനം പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം 43724318/- രൂപ വകയിരുത്തി 107 പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭിച്ചതിൽ 38പ്രവൃത്തികൾ സ്പിൽ ഓവറും 69പ്രവൃത്തികൾ തൻ വർഷം ഏറ്റെടുത്ത പുതിയ പ്രവൃത്തികളുമാണ്. ഏറ്റെടുത്ത പ്രവൃത്തികളിൽ പൂർത്തീകരിച്ച് 67 എണ്ണത്തിന് മാത്രമേ തുക ചെലവഴിച്ചിട്ടുള്ളൂ. പൂർത്തീകരിച്ച 2 പ്രവൃത്തികളുടെ ബിൽ സമർപ്പിച്ചുവെങ്കിലും ട്രഷറി മാറി നൽകിയില്ല. 6 സ്പിൽ ഓവർ പ്രവൃത്തികളും 32 പുതിയ പ്രവൃത്തികളും തൻ വർഷം നടപ്പാക്കിയിട്ടില്ല. 2017 ജൂൺ മാസം വരെ 12 പ്രവൃത്തികളും, ഡിസംബർ മാസം വരെ 19പ്രവൃത്തികളും, 2018 ഫെബ്രുവരി മാസം വരെ 14 പ്രവൃത്തികളും, മാർച്ച് മാസത്തിൽ 22 പ്രവൃത്തികളും നടപ്പിലാക്കി 19305905/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി വർഷത്തിന്റെ അവസാന മാസത്തിലാണ് കൂടുതൽ പ്രവൃത്തികളും നിർവ്വഹിച്ചിട്ടുള്ളത്. സാങ്കേതിക വിഭാഗത്തിൽ ഒരു അസി. എഞ്ചിനിയറും രണ്ട് ഓവർസിയർമാരും മാത്രമാണ് ഉള്ളത്. ഇപ്രകാരമുള്ള സാഹചര്യത്തിൽ പദ്ധതി നിർവ്വഹണം കൂടുതൽ നടന്ന മാർച്ച് മാസത്തിൽ പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങളിലുള്ള മേൽനോട്ടത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും ആയത് നിർവ്വഹണത്തിലെ സുതാര്യതയും ഗുണമേന്മയും ബാധിക്കുമെന്നും ഓഡിറ്റ് വിലയിരുത്തുന്നു. മറ്റ് മേഖലകളെ അപേക്ഷിച്ച് പശ്ചാത്തല മേഖലയിൽ ധാരാളം പ്രോജക്ടുകൾ ആവിഷ്കരിക്കുകയും ആയതിന്റെ മുപ്പത്തിയാറ് ശതമാനത്തോളം നിർവ്വഹിക്കാൻ കഴിയാതെ വരികയും ചെയ്തത് പദ്ധതി നിർവ്വഹണത്തിലുണ്ടായ പാളിച്ചയാണ്. ഭാവിയിൽ പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുവാൻ പ്രോജക്ടുകളുടെ ബാഹുല്യം കുറക്കുന്നതിനും കൃത്യമായി മോണിട്ടറിംഗ് നടത്തുന്നതിനും വർക്കിംഗ് ഗ്രൂപ്പും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും വേണ്ടത്ര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-15 സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ :-ഡെപ്പോസിറ്റ് തുക നാളിതുവരെ കെ.എസ്.ഇ.ബി-യ്ക്ക് ലഭിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 4,12 വാർഡുകളിലെ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ എന്ന പ്രോജക്ടിനായി(138/18) ഏഴംകുളം കെ.എസ്.ഇ.ബി സെക്ഷന് നൽകുന്നതിനായി 294950/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും തുക കെ.എസ്.ഇ.ബി അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ലെന്ന് സാംഖ്യ വെബ് പരിശോധിച്ചതിൽ നിന്നും വ്യക്തമായി. ഇപ്പോൾ ട്രാൻസാക്ഷനില്ലാത്ത അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്തതിനാലാണ് ഈ തുക ക്രഡിറ്റ് ചെയ്യാഞ്ഞത്. അടൂർ സബ്ട്രഷറിയുമായി ബന്ധപ്പെട്ട് ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 എബിസി പ്രോഗ്രാം - വിനിയോഗ രേഖകൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 171/18 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവഴിച്ച തുക | 200000/- (ബിൽ നമ്പർ.171/18<br>തീയതി 16.02. 2018) |

തെരുവു നായ നിയന്ത്രണത്തിനായി എബിസി പ്രോഗ്രാം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു തെരുവുനായയെ വന്ധ്യംകരിക്കുന്നതിന് തീറ്റ,ട്രാൻസ്പോർട്ടേഷൻ ചാർജ്ജുകൾ ഉൾപ്പെടെയുള്ള ചെലവുകൾക്കായി ഒരു നായയ്ക്ക് 2100/- രൂപ നിരക്കിൽ കുടുംബശ്രീ മിഷന് കൈമാറുന്നതിന് 05.05.2017 ലെ സ.ഉ( സാധാ)1450/17 തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വികസനഫണ്ടിൽ നിന്നും കുടുംബശ്രീ മിഷൻ കോ ഓഡിനേറ്ററുടെ അക്കൗണ്ടിലേക്ക് 200000/-രൂപ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന്റെ വിവരമോ കുടുംബശ്രീയിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല. കുടുംബശ്രീ മിഷനിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുക പൂർണ്ണമായി വിനിയോഗിച്ചിട്ടില്ലെങ്കിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതുമാണ്. വിനിയോഗരേഖകളുടെ അഭാവത്തിൽ ചെലവു തുക 200000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ടെണ്ടർ കൂടാതെ ഉപകരണങ്ങൾ വാങ്ങി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18വർഷം നടപ്പിലാക്കിയ കൊടുമൺ ജംഗ്ഷനിലെ ഹൈമാസ്റ്റ് ലൈറ്റ് മെയ്ന്റനൻസ് (പ്രോ.നം.173/18)എന്ന പദ്ധതിയ്ക്കായി ടെണ്ടർ കൂടാതെ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്,തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും 6 എൽ.ഇ.ഡി ലാമ്പുകൾ തനതുഫണ്ടിൽ നിന്നും 200000/-രൂപ ചെലവഴിച്ച് വാങ്ങി യിട്ടുണ്ട്(ചെക്ക്നം./തീയതി- 403541/05.01.2018).

വെബ്സൈറ്റ് പരിശോധിച്ചതിൽ സ്ഥാപനം സ്വന്തമായി എൽ.ഇ.ഡി ലാമ്പുകൾ ഉത്പാദിപ്പിക്കുന്നില്ല എന്ന് വ്യക്തമായിട്ടുണ്ട്. സ്ഥാപനങ്ങളുടെ ഉത്പാദന യൂണിറ്റുകളിൽ നിർമ്മിക്കാത്ത ഉപകരണങ്ങൾ ഒന്നും തന്നെ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങരുതെന്നും വാങ്ങിയാൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിഗത ബാധ്യതയാകുമെന്നും 4/9/2002 ലെ 2117/02/SPD സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

സ്ഥാപനം അക്രഡിറ്റഡ് ഏജൻസി ആയതിനാലാണ് ടി സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങൾ വാങ്ങിയതെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(നം-25/19.09.2018)യ്ക്ക് സെക്രട്ടറി മറുപടി നൽകിയത്. എന്നാൽ ഇത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. ടെണ്ടർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ സർക്കാർ/അർദ്ധസർക്കാർ/ഗവൺമെന്റ് അംഗീകൃത ഏജൻസികളിൽ നിന്നും വാങ്ങുന്നത് ഈ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവ മാത്രമായിരിക്കണമെന്ന് 2/12/2016ലെ ജി.ഒ(ആർ.ടി)3299/2016/തസ്വഭവ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. അല്ലാത്തവ പരസ്യ ടെണ്ടർ മുഖേന വാങ്ങണം. ആയതിനാൽ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വാങ്ങലുകൾ നടത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയം തുടർ നടപടികൾക്കായി ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-18 ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി- അവലോകനം

സർക്കാർ പ്രാഥമിക സ്കൂളുകളുടെ ഭരണ നടത്തിപ്പ്, സാക്ഷരതാ പരിപാടികളുടെ നിർവ്വഹണം, വായനശാലകൾ, പുസ്തകശാലകൾ എന്നിവയുടെ നടത്തിപ്പും പ്രോത്സാഹനവും, പൊതുജനാരോഗ്യവും ശുചിത്വവും, രോഗപ്രതിരോധം മറ്റ് പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയുടെ നിർവ്വഹണം, ശുചിത്വപരിപാടികളുടെ നിർവ്വഹണം, കുടിവെള്ള വിതരണം, മാലിന്യ നിർമാർജ്ജനം, കായികം, കലയും സംസ്കാരവും, പാലിയേറ്റീവ് കെയർ പ്രോഗ്രാം എന്നിവ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ

ച്ചമതലകളിൽപ്പെടുന്നതാണ്.

ശ്രീമതി.ലളിതാ രവീന്ദ്രൻ ചെയർപേഴ്സണായി ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികൾ മാസത്തിൽ ഒരു തവണ യോഗം ചേരണമെന്ന നിയമ വ്യവസ്ഥ പാലിച്ചിട്ടുണ്ടെങ്കിലും വർക്കിങ് ഗ്രൂപ്പ് കൺവീനർമാരും എക്സ്ഒഫീഷ്യോ സെക്രട്ടറിമാരുമായ നിർവ്വഹണ ഉദ്യോഗസ്ഥർ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ പങ്കെടുത്തിട്ടില്ല. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം, പി.എച്ച് സെന്ററുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകൾ എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.പൊതു വിദ്യാഭ്യാസ മേഖലയുടെ നിലവാരം ഉയർത്തുന്നതിനുള്ള പ്രോജക്ടുകളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.കുട്ടികളുടെ കായിക മാനസിക ബൗദ്ധികതലങ്ങളെ വികസിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾക്ക് രൂപം നൽകുന്നതിനായി വിദഗ്ധർ ഉൾപ്പെടുന്ന പഞ്ചായത്ത് തല വിദ്യാഭാസ സമിതിയും പ്രവർത്തിച്ചു വരുന്നു. പാലിയേറ്റീവ് പ്രവർത്തനങ്ങൾ കൃത്യമായ മോണിട്ടറിംഗിന് വിധേയമാകുന്നില്ല. തദ്ദേശഭരണസ്ഥാപനങ്ങൾ വർഷത്തിലൊരിക്കൽ പ്രത്യേക അജണ്ടയായി പാലിയേറ്റീവ് പ്രവർത്തനം വിലയിരുത്തുകയും അതിനനുസൃതമായി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ആരോഗ്യ വിദ്യാഭാസ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-19 പി.എച്ച്.സിയ്ക്ക് മരുന്നുവാങ്ങൽ - പദ്ധതിയിലെ അപാകതകൾ

എ) ജില്ലാ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം വാങ്ങാതെ മരുന്ന് വാങ്ങലിന് തുക ചെലവഴിച്ചു

ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെയാണ് പി.എച്ച്.സിയ്ക്ക് മരുന്നു വാങ്ങുന്നതിനായി 2017-18 സാമ്പത്തിക വർഷം പദ്ധതി നടപ്പാക്കിയത്.ബന്ധപ്പെട്ട വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിന് അവയുടെ നിയന്ത്രണത്തിലുള്ള ആരോഗ്യകേന്ദ്രത്തിന് ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മരുന്ന് വാങ്ങി നൽകുന്നതിന് പദ്ധതി ആവിഷ്കരിക്കാവുന്നതാണ്. എന്നാൽ ടി നിർദ്ദേശം ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

ബി) 62,657രൂപയുടെ മരുന്നുകൾ ലഭിച്ചില്ല

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയ 700000രൂപയിൽ 62657രൂപയുടെ മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ വിവരം/പ്രോ.നം | മുൻകൂറായി നൽകിയ തുക/ ബിൽ നമ്പർ | ലഭിയ്ക്കുവാനുള്ള മരുന്ന് (രൂപയിൽ) / സ്ഥാപനം |
|---|---|---|---|
| 1 | പി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങൽ, (S. 11/17-18) | 700000(റോഡിതര മെയിന്റനൻസ് ഗ്രാന്റ്) Bill.No.01/17-18/ 31.10.17 | 62657/- KMSCL |

അവശ്യമരുന്നുകൾ സമയബന്ധിതമായി ലഭിക്കാത്തതുമൂലം പദ്ധതിയുടെ ലക്ഷ്യം പൂർണ്ണമായും ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നില്ല. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-20 ഗ്രാമതല സ്പോർട്ട്സ് കൗൺസിലുകൾ രൂപീകരിച്ചിട്ടില്ല

കായിക രംഗത്ത് സജീവമായി ഇടപെടുന്നതിനും, കായിക ക്ഷമതയുള്ള കുട്ടികളെ കണ്ടെത്തി പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.02.2010ലെ 8378/ഡി.എ1/2010 സർക്കുലറിലെ നിർദ്ദേശം പ്രകാരം ഗ്രാമതല സ്പോർട്ട്കൗൺസിലുകൾ രൂപീകരിക്കണമെന്ന നിർദ്ദേശം പഞ്ചായത്ത് നടപ്പാക്കിയില്ല. പത്തനംതിട്ട ജില്ലയിലെ തന്നെ പ്രധാന സ്റ്റേഡിയങ്ങളിൽ ഒന്നായി കൊടുമൺ മാറുന്ന സാഹചര്യത്തിലും കായിക പരിശീലനത്തിന് പ്രാധാന്യം നൽകി പദ്ധതികൾ ആവിഷ്കരിച്ചു വരുന്നതിനാലും സ്പോർട്ട്സിൽ നേട്ടങ്ങൾ കൈവരിച്ചവർ, കായിക അദ്ധ്യാപകർ എന്നിവർ അംഗങ്ങളായി വരുന്ന ഗ്രാമതല സ്പോർട്ട്സ് കൗൺസിലുകൾ രൂപീകരിക്കേണ്ടത് അനിവാര്യമാണ്.

## 3-21 രജിസ്ട്രേഷൻ ഇല്ലാത്ത ക്ലബുകൾക്ക് കായിക ഉപകരണങ്ങൾ വിതരണം ചെയ്തു

ഹെഡ്മാസ്റ്റർ,ഗവ.എൽ.പി.എസ്, അറന്തകുളങ്ങര നിർവ്വഹണ ഉദ്യോഗസ്ഥനായി വികസനഫണ്ടിൽ നിന്നും 50000രൂപ

വകയിരുത്തി കായിക സമിതികൾക്ക് സ്പോർട്ട്സ് കിറ്റ് വിതരണം എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് പരിധിയിലെ 31 ക്ലബ്ബുകൾക്ക് കായിക ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി 49170രൂപ ചെലവഴിച്ചിട്ടുണ്ട്. 13 ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം "രജിസ്റ്റേഡ് യുവജന ക്ലബ്ബുകൾക്ക് " കായിക ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്. എന്നാൽ ടി പദ്ധതിയുടെ ഭാഗമായി ആനുകൂല്യം ലഭിച്ച ക്ലബ്ബുകളിൽ 5 എണ്ണം മാത്രമെ രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ളൂ. കായിക രംഗത്ത് താൽപര്യമുള്ള എല്ലാവർക്കും പരിശീലനം നൽകുക എന്ന ഭരണസമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് എല്ലാ ക്ലബ്ബുകൾക്കും കായിക ഉപകരണങ്ങൾ നൽകിയതെന്നും, രജിസ്ട്രേഷൻ പുതുക്കാൻ എല്ലാവർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അപാകത ചൂണ്ടിക്കാണിച്ചു കൊണ്ട് നൽകിയ 20-ാം നമ്പർ അന്വേഷണക്കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. ക്ലബ്ബുകളുടെ രജിസ്ട്രേഷൻ ഉറപ്പുവരുത്താതെ കായിക ഉപകരണങ്ങൾ വിതരണം ചെയ്തതിനാൽ ടി ഉപകരണങ്ങൾ ഗ്രാമപഞ്ചായത്തിന്റെ പൊതുവായ കായിക വികസനത്തിന് ഉപയുക്തമാകുന്നുണ്ടെന്ന് ഉറപ്പാക്കാൻ സാധിക്കില്ല. ക്ലബ്ബുകൾ രജിസ്ട്രേഷൻ പുതുക്കുന്ന മുറക്ക് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-22 പൊതുവിദ്യാഭ്യാസം പുത്തനുണർവ്വിൽ-ലഘു അവലോകനം

വിദ്യാഭ്യാസരംഗത്ത് പ്രാദേശിക പരിഗണനകൾ ഉൾക്കൊണ്ട് ജനകീയ ആസൂത്രണ പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഫലമായി ഗ്രാമപഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. നാലു വർഷം മുമ്പ് അനാദായകരമായ സ്കൂളുകളുടെ പട്ടികയിൽ ഉൾപ്പെട്ടിരുന്ന ജി.എൽ.പി.എസ് അറന്തകുളങ്ങര,എസ്.സി.വി.എൽ.പി.എസ് കൊട്ടുമൺ എന്നീ വിദ്യാലയങ്ങളിൽ നിലവിൽ 150ൽ അധികം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും ഇന്റർനെറ്റ്, വൈഫൈ പോർട്ടബിൾ പബ്ലിക് അഡ്രസ്സ് സിസ്റ്റം,സ്മാർട്ട് ക്ലാസ്സ് റൂം എന്നിവ സജ്ജീകരിച്ചു കഴിഞ്ഞു. എല്ലാ വിദ്യാലയങ്ങളിലും ബാലപ്രസിദ്ധീകരണങ്ങൾ,പഠനോപകരണങ്ങൾ

ദിനപത്രങ്ങൾ എന്നിവ നൽകുന്നുണ്ട്. വിദ്യാർത്ഥികളുടെ കായിക വികാസത്തിന് ഉതകുന്ന പദ്ധതികളും പരിശീലന പരിപാടികളും പഞ്ചായത്തിന്റെ സഹായത്തോടെ നടപ്പാക്കി വരുന്നു. പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികളെ ഉപയോഗിച്ച് പട്ടികജാതി കോളനികളിൽ ഇ-സാക്ഷരത പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വിദ്യാഭ്യാസ രംഗത്ത് കൈവരിച്ച നേട്ടം നിലനിർത്തുന്നതിനും കുട്ടികളുടെ കായിക മാനസിക ബൗദ്ധിക തലങ്ങളുടെ വികാസത്തിന് ഉതകുന്ന പദ്ധതികൾ തുടർവർഷങ്ങളിൽ ആവിഷ്കരിക്കുന്നതിനും പഞ്ചായത്ത് ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## 3-23 ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, പദ്ധതി നിർവ്വഹണവും

ഓഡിറ്റ് വർഷം 4അംഗങ്ങളുള്ള ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 20 പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. ദാരിദ്ര്യ ലഘൂകരണം, സാമൂഹ്യ ക്ഷേമം, പട്ടിക ജാതി വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളാണ് ഈ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്നത്. സ്ററാന്റിംഗ് കമ്മിറ്റിയുടെ മീറ്റിംഗുകളിൽ പദ്ധതി രൂപീകരണത്തെപ്പറ്റിയുള്ള കാര്യമായ നിർദ്ദേശങ്ങൾ ഉണ്ടാകുന്നില്ല. ഭൂരിഭാഗം യോഗങ്ങളിലും പെൻഷൻ അപേക്ഷകളിന്മേൽ അംഗീകാരം നൽകുന്നതിനുള്ള തീരുമാനം മാത്രമാണ് ഉണ്ടാകുന്നത് .ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുകയോ അവ ലഘൂകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല.. ദാരിദ്ര്യ ലഘൂകരണ പദ്ധതിയുടെ ഭാഗമായുള്ള ആശ്രയ പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതിയുടെ നിർവ്വഹണത്തിൽ തികഞ്ഞ അലംഭാവമാണ് ഉണ്ടായിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിന് ലഭിച്ച 51.64 ലക്ഷം രൂപ നിഷ്ക്രീയമായി അക്കൗണ്ടിൽ അവശേഷിക്കുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളായ പട്ടികജാതി,പട്ടികവർഗ്ഗം,സ്ത്രീകൾ,കുട്ടികൾ എന്നിവർക്കുള്ള പദ്ധതികളുടെ നിർവ്വഹണം ഫലപ്രദമല്ല. എസ്സ്.സി.പി ഘടക പദ്ധതിയിൽ വകയിരുത്തിയ തുകകൾ ഫലപ്രദമായ രീതിയിൽ വിനിയോഗിച്ചിട്ടില്ല. അനുപൂരക പോഷകാഹാര പരിപാടി, വർക്കർമാർക്കും ഹെൽപ്പർമാർക്കും ഹോണറേറിയം, എന്നീ പദ്ധതികൾ പ്രത്യേക ഘടക പദ്ധതി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയിട്ടുണ്ട്. അനുപൂകര പോഷക പരിപാടിയ്ക്ക് പ്രത്യേക ഘടക പദ്ധതി ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി ഉണ്ടെങ്കിലും എസ്സ്.സി.പി വിഭാഗത്തിലുള്ള കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഫണ്ട് വീതം വയ്ക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ട് പരിഗണിക്കാതെയാണ് പദ്ധതിയ്ക്കായി ഫണ്ട് വകയിരുത്തിയിട്ടുള്ളത്. ജില്ലാ പഞ്ചായത്തിൽ നിന്നും അനുപൂരക പോഷകാഹാര പദ്ധതിയ്ക്കു വേണ്ടി ലഭിച്ച 100000/- രൂപ വിനിയോഗിക്കാതെയാണ് എസ്സ്.സി.പി ഫണ്ട് ഈ ആവശ്യത്തിനുപയോഗിച്ചതെന്നത് ശ്രദ്ധേയമാണ്. പ്രദേശത്തെ പല കോളനികളിലും ഭൂരഹിത ഭവന രഹിതരായി നിരവധി കുടുംബങ്ങളാണ് ഉള്ളത്. ഇത്തരം കുടുംബങ്ങളുടെ ക്ഷേമത്തിനായി പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുള്ള ഫലപ്രദമായ ഇടപെടൽ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയിട്ടില്ല. പൂർത്തീകരിക്കാത്ത എസ്സ്.സി വീടുകൾ പൂർത്തികരിക്കുന്നതിനുള്ള നിർദ്ദേശം കമ്മിറ്റിയുടെ യോഗത്തിൽ ഉണ്ടായിട്ടുണ്ടെങ്കിലും പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ല എന്നു മാത്രവുമല്ല പാതി വഴിയിൽ പണി പൂർത്തിയാക്കാൻ അവശേഷിക്കുന്ന വീടുകൾ ഗ്രാമപ്പഞ്ചായത്തിൽ ഇല്ല എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് വി ഇ ഒ മറുപടി നൽകിയത്.പദ്ധതി ആവിഷ്കരണത്തിലും നിർവ്വഹണത്തിലും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകുന്നില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. മാത്രവുമല്ല ക്ഷേമകാര്യവുമമായി ബന്ധപ്പെട്ട പല വർക്കിംഗ് ഗ്രൂപ്പുകളിലും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പങ്കെടുത്തിട്ടില്ല. ഭൂരഹിതരായ കുടുംബത്തിന് സ്ഥലം വാങ്ങുന്നതിന് പ്രോജക്ട് ആവിഷ്കരിച്ചിരുന്നെങ്കിലും പദ്ധതി നടപ്പിലായില്ല. കോളനികളിൽ ജീർണ്ണിച്ച വീടുകളിൽ കഴിയുന്ന നിരവധി ആളുകളുണ്ട്. ഇവരുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള അടിയന്തിര ശ്രമങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.

എസ്.സി.പി. പദ്ധതികൾക്കായി 1.48 കോടി വകയിരുത്തിയിരുന്നു. ഇതിൽ 38.89 ലക്ഷം (26%)രൂപയും വിനിയോഗിച്ചിട്ടില്ല. പട്ടികജാതി പ്രോജക്ടുകളുടെ നിർവ്വഹണം ഫണ്ട് വിനിയോഗം എന്നിവ മോണിട്ടർ ചെയ്യുന്നതിന് നിരീക്ഷണ സമിതി രൂപീകരിക്കണമെന്ന നിർദ്ദേശം പാലിക്കാത്തത് ഫണ്ട് വിനിയോഗത്തിലുണ്ടായ വിഴ്ചയ്ക്ക് കാരണമായതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

അങ്കണവാടികളുടെ പ്രവർത്തനത്തിലും ഫലപ്രദമായ ഇടപെടൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല. 104-ാം നമ്പർ അങ്കണവാടിയിലെ വർക്കർ അവധിയിൽ പ്രവേശിച്ചതിനാൽ 18.07.2017 മുതൽ നിലവിൽ വർക്കർ ഇല്ലാതെ അങ്കണവാടി പ്രവർത്തിക്കുന്ന അവസ്ഥയാണുള്ളത്. എന്നാൽ പകരം സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ഫലപ്രദമായ ഇടപെടൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. കുടിവെള്ള സൗകര്യം,കെട്ടിടം,വൈദ്യുതി, ചുറ്റുമതിൽ,ടോയ് ലെറ്റ് എന്നീ സൗകര്യങ്ങൾ ഇല്ലാത്ത അങ്കണവാടികൾ പഞ്ചായത്ത് പ്രദേശത്തുണ്ടെങ്കിലും ഇവ ലഭ്യമാക്കുന്നതിനുള്ള കാര്യക്ഷമമമായ ഇടപെടൽ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയിട്ടില്ല.

## 3-24 ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങൽ- എസ്.സി.പി ഫണ്ട് 28.55 ലക്ഷം പാഴായി

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| പ്രോജക്ട് നമ്പർ | 163/18 | |
| അടങ്കൽ | എസ്.സി.പി. ഫണ്ട്<br>2855323 | തനത് ഫണ്ട്<br>644677 |
| ചെലവ് | ഇല്ല | ഇല്ല |

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി വാങ്ങുന്നതിനായി പ്രോജക്ട് ആവിഷ്കരിക്കുകയും ഇ-ടെണ്ടർ ചെയ്യുകയും ചെയ്തു. ഇ-ടെണ്ടർ ചെയ്തിട്ടുണ്ടെന്നത് സംബന്ധിച്ച് ദേശാഭിമാനി, കേരള കൗമുദി എന്നീ പത്രങ്ങളിൽ 28/12/17-ൽ പരസ്യം ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ ടെണ്ടർ പരസ്യത്തിൽ വസ്തു വാങ്ങുന്നതിനാണ് പരസ്യം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല പകരം രണ്ടു പ്രവൃത്തികൾ എന്നാണ് കാണിച്ചിരുന്നത്. പ്രാദേശികമായി ആണ് വസ്തു കണ്ടെത്തേണ്ടത് എന്നതിനാൽ ഗ്രാമപഞ്ചായത്ത് നിവാസികളും വസ്തു വിൽക്കുവാൻ ഉദ്ദേശിച്ചവരുമായ വ്യക്തികൾ ഈ പരസ്യം ശ്രദ്ധിക്കുവാൻ സാധ്യതയില്ല. രവി കുമാർ, കുളത്തിനാൽ വീട് എന്ന വ്യക്തി 35.85 ആർ സ്ഥലം സെന്റ് ഒന്നിന് 65000/- രൂപ നിരക്കിൽ നൽകുവാൻ സമ്മത പത്രം നൽകിയത് ഫയലിലുണ്ട്. മതിയായ ടെണ്ടർ ലഭിക്കാത്തതിനാൽ 10/2/18-ൽ റീടെണ്ടർ പരസ്യം ദേശാഭിമാനിയിൽ പ്രസിദ്ധീകരിച്ചു. ഈ പരസ്യത്തിലും വസ്തു വാങ്ങുന്നത് എന്നത് കാണിക്കാതെ പ്രവൃത്തി എന്നാണ് കാണിച്ചത്. ശ്രീ.സോമൻ, ഒറ്റപ്ലാവിളയിൽ, ഇടത്തിട്ട എന്നയാൾ വഴി സൗകര്യമുള്ള 73 സെന്റ് വസ്തു നൽകാമെന്ന് കാണിച്ച് നൽകിയ സമ്മതപത്രവും ഫയലിലുണ്ട്. എന്നാൽ ഈ വിഷയത്തിൽ തുടർ നടപടികൾ ഒന്നും സ്വീകരിച്ചില്ല. 2017-18 വർഷം എഗ്രിമെന്റ് വച്ച പ്രോജക്ടുകൾ മാത്രമേ 2018-19 വർഷം സ്പിൽ ഓവർ പ്രോജക്ട് ആയി തുടരാൻ കഴിയൂ എന്നതിനാൽ ടി പ്രോജക്ടിനായി എസ്.സി.പി ഫണ്ടിൽ നിന്നും വകയിരുത്തിയ 28.55 ലക്ഷം രൂപ നഷ്ടപ്പെട്ടു. പട്ടിക ജാതിയിൽപ്പെട്ട ഭൂരഹിത/ഭവന രഹിതരായ 77 ഗുണഭോക്താക്കൾ ലൈഫ് പ്രോജക്ടിനായി തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളപ്പോഴാണ് എസ്.സി.ഫണ്ട് നഷ്ടപ്പെടുത്തിയത്. യഥാസമയം എഗ്രിമെന്റ് വയ്ക്കാൻ സാധിക്കില്ല എന്ന് ബോധ്യപ്പെട്ടിട്ടും ഫണ്ട് മറ്റ് പ്രോജക്ടുകൾക്കായി മാറ്റി ചെലവഴിക്കുവാനും നടപടി സ്വീകരിച്ചില്ല. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയോ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ പ്രോജക്ട് നിർവ്വഹണത്തിൽ കാര്യക്ഷമമായ ഒരു ഇടപെടലും നടത്തിയില്ല എന്നതും ഫണ്ട് പാഴാകുന്നതിന് കാരണമായി. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി തുക തിരികെ ലഭിക്കുന്നതിനായി കോർഡിനേഷൻ സമിതിയ്ക്ക് അപേക്ഷ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. എസ്.സി.പി ഫണ്ട് പാഴായത് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 3-25 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകി

ഗുണഭോക്തൃ തെരഞ്ഞെടുപ്പിന്റെ അടിസ്ഥാന ഘടകമായ ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ സമ്പൂർണ്ണ വൈദ്യുതീകരണം(നം.145/18) എന്ന പ്രോജക്ടിലാണ് ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് . വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ആനുകൂല്യം ലഭിച്ചവരുടെ പേരും വിലാസവും | നൽകിയ തുക | ബിൽ നമ്പർ/തീയതി |
|---|---|---|---|
| 1. | അച്യുതൻ.ജി | 5000/- | 2/07.10.2017 |

| | | | |
|---|---|---|---|
| | കുഴിവിള കിഴക്കേതിൽ<br>അങ്ങാടിക്കൽ തെക്ക് | | |
| 2. | കമലാസനൻ<br>വിളയിൽ ഹൗസ്<br>നെടുമൺകാവ്.പി.ഒ | 5000/- | 3/25.10.2017 |
| 3. | രാമചന്ദ്രൻ<br>മാണത്തുവിള<br>പുതുമല,പി.ഒ | 5000/- | 6/28.11.2017 |
| 4. | ജേക്കബ്<br>പള്ളിമുരുപ്പേൽ<br>കൊച്ചു തുണ്ടിൽ | 5000/- | 3/25.10.2017 |
| 5. | വിജയൻ<br>ആലയ്ക്കൽ<br>കൊടുമൺ | 5000/- | 3/25.10.2017 |
| 6. | പി.സേതു<br>കാഞ്ഞിരവിള കിഴക്കേതിൽ<br>കൊടുമൺ.പി.ഒ | 5000/- | 6/28.11.2017 |
| 7. | ശാന്ത<br>വലിയ കാലായിൽ<br>ചിരണിക്കൽ<br>പുതുമല | 5000/- | 20/15.01.2018 |
| 8. | ശ്യാമള .കെ<br>ശ്യാം നിവാസ്<br>ഐക്കാട് | 5000/- | 2/07.10.2017 |
| 9. | സരസ്വതി.എൻ.കെ<br>നെല്ലി വിളയിൽ<br>ആരാധ്യാ ഭവൻ<br>ഐക്കാട് | 5000/- | 2/07.10.2017 |
| 10. | പ്രസാദ് .ജി<br>പറങ്കി മാംവിളയിൽ<br>ഇടത്തിട്ട.പി.ഒ | 5000/- | 2/07.10.2017 |
| 11. | കത്രീന വർഗ്ഗീസ്<br>നെല്ലിമൂട്ടിൽ വീട്<br>ഐക്കാട് തെക്ക് | 5000/- | 2/07.10.2017 |
| 12. | ജാനകി<br>മേലേതിൽ പടിഞ്ഞാറ്റേതിൽ<br>അങ്ങാടിക്കൽ തെക്ക്.പി.ഒ | 5000/- | 2/07.10.2017 |

| | | | |
|---|---|---|---|
| 13. | വിനോദ് കുമാർ<br>ചാരുവിളയിൽ വീട്ടിൽ<br>ഐക്കാട് സൗത്ത് | 5000/- | 2/07.10.2017 |
| 14. | സരോജിനിയമ്മ<br>ശാന്തി ഭവനം<br>അങ്ങാടിക്കൽ തെക്ക് | 5000/- | 2/07.10.2017 |
| 15. | രത്നകുമാരിയമ്മ<br>ചാമക്കാലായിൽ<br>ഐക്കാട്<br>കൊടുമൺ | 5000/- | 2/07.10.2017 |
| 16. | ബിന്ദു<br>പാർത്ഥിപം<br>അങ്ങാടിക്കൽ വടക്ക് | 5000/- | 2/07.10.2017 |
| | ആകെ | 80000/- | |

ഗ്രാമസഭാ ലിസ്റ്റിൽ ഇല്ലാത്ത ഗുണഭോക്താക്കളുടെ പേര് പിന്നീടുള്ള ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ല. ബഹു. കേരള ഹൈക്കോടതിയുടെ 04.04.1997-ലെ ഒ.പി.നം.18175/96/എൻ കേസിലെ വിധിന്യായത്തിൽ പഞ്ചായത്തുകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാര സ്ഥാനങ്ങൾ അല്ലെന്നും ഗ്രാമസഭയ്ക്ക് മാത്രമാണ് അതിനുള്ള അവകാശമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ പക്ഷപാതപരമായ തെരഞ്ഞെടുക്കൽ ഇന്ത്യൻ ഭരണഘടനയുടെ 14-ാം അനുച്ഛേദത്തിന്റെ ലംഘനം ആയിരിക്കുമെന്നും പരാമർശിച്ചിട്ടുണ്ട്.

ടി ഗുണഭോക്താക്കളുടെ പേര് അടുത്ത ഗ്രാമസഭയിൽ വച്ച് അംഗീകാരം നേടാത്ത പക്ഷം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി ചെലവഴിച്ച തുക നിരാകരിക്കുന്നതും ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ട പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും.

## **3-26** ആശ്രയ പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല- **51.64** ലക്ഷം രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നു

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക സാമ്പത്തി പിന്നോക്കാവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിനുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ.(എം.എസ്.)നം.71/2003/പ്ലാനിംഗ്/12.11.2003 നമ്പർ ഉത്തരവ് അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ.ഉ.(എം.എസ്.)362/2013/ത.സ്വഭ.വ., തീ.16.11.2013 പ്രകാരം അയൽ കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങൾക്ക് ഭക്ഷണം, വസ്ത്രം, ആരോഗ്യ പരിരക്ഷ, പെൻഷൻ, വിദ്യാഭ്യാസം എന്നീ അതിജീവനാവശ്യങ്ങളും, കിടപ്പാടം, കുടിവെള്ളം, ശൗചാലയം എന്നീ അടിസ്ഥാന ആവശ്യങ്ങളും, തൊഴിൽ പരിശീലനം, വ്യക്തിത്വ വികസനം തുടങ്ങിയ വികസനാവശ്യങ്ങളും, സാമൂഹവുമായി ഇടപഴകുന്നതിന് ആത്മബലം നൽകുന്നതിനാവശ്യമായ കൗൺസലിംഗ് മറ്റ് പരിശീലനങ്ങൾ ഉൾപ്പടെയുള്ള പരിചരണ സേവനങ്ങൾ ഒരു പാക്കേജായി ലഭ്യമാക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്.

ഗ്രാമപ്പഞ്ചായത്തിലെ ആശ്രയ പദ്ധതിയുടെ നിലവിലുള്ള ആക്ഷൻ പ്ലാൻ പ്രകാരം ആകെ 76 പേർ ഗുണഭോക്താക്കളായുണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്കായി തൻവർഷം വികസന ഫണ്ടിൽനിന്നും 1500000 രൂപ നൽകിയിട്ടുണ്ടെങ്കിലും ഭവന പുനരുദ്ധാരണത്തിനായി 6 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുക മാത്രമാണ് തൻ വർഷം ചെയ്തിട്ടുള്ളത്. ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ട ആക്ഷൻ പ്ലാൻ പരിശോധിച്ചതിൽ ഭൂരിഭാഗം പേരും വാസയോഗ്യമായ വീട് ഇല്ലാത്തവരാണ്.എന്നാൽ ഇവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. കുടുംബശ്രീ ചലഞ്ച് ഫണ്ടിൽ നിന്നുള്ള തുക വിനിയോഗിച്ച് ഭക്ഷണ വിതരണം നടത്തുന്നുണ്ട്. എല്ലാ വർഷവും വികസന ഫണ്ടിൽനിന്നും തുക വകയിരുത്തി നൽകുന്നുണ്ടെങ്കിലും അംഗീകരിച്ച ആക്ഷൻ പ്ലാൻ പ്രകാരം പദ്ധതി നടപ്പിലാക്കുന്നില്ല.

ആശ്രയ അക്കൗണ്ടിൽ 04.08.2018 തീയതിയിൽ 5164126/-രൂപ അവശേഷിക്കുന്നു. 2018 ഏപ്രിൽ മാസം മുതൽ കാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. കാഷ് ബുക്ക് ബാങ്ക് പാസ്സ് ബുക്കുമായി പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല. 31.03.2018 തീയതിയിൽ പാസ്സ് ബുക്ക് പ്രകാരം 4175519/- രൂപ അവശേഷിക്കുന്നുണ്ടെങ്കിലും കാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 2658882/-

രൂപയാണ്. ആശ്രയ പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടം മോണിട്ടറിംഗ് സമിതിയിൽ നിക്ഷിപ്തമാണ്. പദ്ധതി പ്രവർത്തനം നിരന്തരം മോണിട്ടറിംഗ് സമിതി വിലയിരുത്തേണ്ടതാണ്. ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ സമിതിയിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, സി.ഡി.എസ്. ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ആശ്രയയുടെ ചുമതലയുള്ള സി.ഡി.എസ്. അംഗം, രണ്ട് സാമൂഹ്യ പ്രവർത്തകർ എന്നിവരായിരിക്കണം മോണിട്ടറിംഗ് സമിതി അംഗങ്ങൾ. മോണിട്ടറിംഗ് കാര്യക്ഷമമാക്കി പദ്ധതി പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-27 സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി ലഭിച്ച ഫണ്ട് വിനിയോഗം കാര്യക്ഷമമല്ല

സംയുക്ത പ്രോജക്ടുകൾക്കായി വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച ഫണ്ടിന്റെ വിനിയോഗം കാര്യക്ഷമമല്ല. വിവിധ പദ്ധതികൾക്കായി തൻ വർഷം ജില്ലാപ്പഞ്ചായത്ത് വിഹിതമായി 129706457 രൂപയും ബ്ളോക്ക് പഞ്ചായത്ത് വിഹിതമായി 1490000രൂപയും ലഭിച്ചിട്ടുണ്ട്. എന്നാൽ ലഭ്യമായ ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല. ലഭ്യമായ തുകയുടേയും ചെലവഴിച്ച തുകയുടേയും വിശദാംശങ്ങൾ ഈ റിപ്പോർട്ടിന്റെ ഖണ്ഡിക4-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ട് ലഭ്യമാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള ശ്രമങ്ങൾ ശ്ളാഘനീയമാണെങ്കിലും ലഭ്യമായ ഫണ്ട് വിനിയോഗിക്കുന്നതിൽ കാട്ടുന്ന അലംഭാവം അപലപനീയമാണ്. ലഭ്യമാകുന്ന ഫണ്ട് സർക്കാരിന്റെ പദ്ധതി വിഹിതമാണെങ്കിൽ അതാത് വർഷം തന്നെ ചെലവഴിച്ചിട്ടില്ലെങ്കിൽ ലാപ്സാകുന്ന അവസ്ഥയാണ് നിലവിലുള്ളത്. ലഭ്യമായ പദ്ധതി വിഹിതം ചെലവഴിക്കാതെ തനതുഫണ്ടിൽ സൂക്ഷിക്കുന്നത് ക്രമവിരുദ്ധവുമാണ്. ഫണ്ട് ചെലവഴിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 600000 | പാലിയേറ്റീവ് കെയർ ,10/2018 | 579045 | 30955 |
| " | 705500 | നെൽകൃഷി വികസനം ,21/2018 | 676000 | 29500 |
| " | 100000 | അനുപൂരക പോഷകാഹാരം ,29/2018 | - | 100000 |
| " | 100000 | ശാരീരിക മാനസിക വൈകല്യമുള്ളവർക്ക് സ്കോളർഷിപ്പ് ,31/2018 | 100000 | - |
| " | 800000 | വൈകുണ്ഠപുരം പറകുന്നിൽ റോഡ് ,56/2018 | 560015 | 239985 |
| " | 600957 | നിലറേൻ കോളനി കമ്മ്യൂണിറ്റി ഹാൾ,65/2018 | - | 600957 |
| " | 1400000 | കൊട്ടുമൺ മാർക്കറ്റ് നവീകരണം,82/2018 | 1268985 | 132015 |
| " | 200000 | എബിസി പ്രോഗ്രാം ,84/2018 | 200000 | - |
| " | 900000 | കാരിക്കൽ കുടിവെള്ള പദ്ധതി,87/2018 | - | 900000 |
| " | 2500000 | കൊട്ടുമൺ മാർക്കറ്റിൽ പൊതു ശൗചാലയം ,137/2018 | - | 2500000 |
| " | 3000000 | മാർക്കറ്റ് നവീകരണം -രണ്ടാം ഘട്ടം180/2018 | - | 3000000 |
| " | 800000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി49/2018 | 800000 | - |
| ബ്ളോക്ക് പഞ്ചായത്ത് | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി ,49/2018 | 100000 | - |
| | 290000 | ചാലപ്പറമ്പിൽ മറ്റപ്പള്ളിൽ റോഡ് | 290000 | - |
| | 100000 | കൊട്ടുമൺ ബസ്സ് ബേയിൽ സോളാർ | - | 100000 |

| | | | | |
|---|---|---|---|---|
| | | പാനൽ സ്ഥാപിക്കലും അനുബന്ധ പ്രവർത്തനവും ,174/2018 | | |
| | 1000000 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് ,144/2018 | 982943 | 18057 |
| | 13196457 | | 5556988 | 7651469 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | 4,12 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 294950 | - | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | 294950 |
| കെ.എസ്.ഇ.ബി. | 2,7 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 96535 | - | | 96535 |
| വാട്ടർ അതോറിറ്റി | വാർഡ് 12 ലെ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 199100 | - | | 199100 |
| വാട്ടർ അതോറിറ്റി | 3,12 വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 300000 | - | | 300000 |
| കുടുംബശ്രീ ജില്ലാ മിഷൻ | എബിസി പ്രോഗ്രാം | 200000 | - | | 200000 |
| കോർ ഫൗണ്ടേഷൻ | ഖരമാലിന്യ പ്ലാന്റ് തുടർ പ്രവർത്തനം | 600000 | 600000 | പൂർത്തീകരിച്ചു | - |
| ക്ലീൻ കേരള മിഷൻ | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് | 982943 | - | | 982943 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| ഇല്ല | | | | | | | |

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

**(i)** വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | 2017-18 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|

ഇല്ല

**(ii)** വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|

| | | |
|---|---|---|
| | മുതൽ | പലിശ |
| ഇല്ല | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| വർഷാരംഭത്തിലുണ്ടായ നിക്ഷേപം | തൻവർഷം നിക്ഷേപിച്ച തുക | ആകെ | തന്നാണ്ടിൽ പൻവലിച്ച തുക | വർഷാരംഭത്തിൽ അവശേഷിക്കുന്ന സ്ഥിര നിക്ഷേപം |
|---|---|---|---|---|
| ഇല്ല | | | | |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 31581/- രൂപ ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പരും തീയതിയും |
|---|---|---|---|---|
| 2015-16 | ഖ.3-1 | 31581 | വത്സലാ കുമാരി അമ്മ,സെക്രട്ടറി | 11701050004/09.08.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *ഓഡിറ്റ് വർഷം* | *സമാഹൃത റിപ്പോർട്ട് വർഷം* | *ഖണ്ഡിക* | *വിഷയം* | *ഇപ്പോഴത്തെ അവസ്ഥ* |
|---|---|---|---|---|
| *1996-97* | *2006-08* | *25* | *പബ്ളിക്ക് കംഫർട്ട് സ്റ്റേഷനിലെ ടാങ്ക് നിർമ്മാണം, വിടിസി ഫണ്ട് ഉപയോഗിച്ച് പൊന്നെടുത്താംകുഴി മേലേതിൽ പടി ചന്ദനപ്പള്ളി കരിങ്ങുമുക്ക് റോഡ് ഉദ്ധാരണം(1996-97 ഖണ്ഡിക നം-31,33- തുകകൾ യഥാക്രമം 4993/-,28350/-* | *കോടതി വിധി പ്രകാരം റീ ഓഡിറ്റ് 15.10.2008 ൽ നടത്തിയിട്ടുള്ളതാണ്.എന്നാൽ അപാകതകൾ പരിഹരിക്കുന്നതിന് ആവശ്യമായ രേഖകൾ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ലാത്തതിനാൽ പരാമർശങ്ങൾ അതേപടി നിലനില്ക്കുന്നു. ആയതിനാൽ ടി തുക ഒടുക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ കെ ജി കമലാസനന് 30.07.2015 ൽ കത്ത് നൽകിയിട്ടുണ്ട്.* |
| 2002-03 | 2005-06 | 3-16 | കുടുംബശ്രീ ചെലവ് രേഖകൾ ഹാജരാക്കാത്തത് | റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ട്. |

## 4-8 ചാർജ് സർച്ചാർജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് | സർട്ടിഫിക്കറ്റിന്റെ വിവരം | ഉൾപ്പെട്ട തുക | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/തീയതി) | റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടവ | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|
| 2008-09 | 3-10 | വി.കെ.സുകമാരൻ | LF/17443 /B3/13 dtd 04.12.2015 | 382500 | ഇല്ല | ഇല്ല | - | - | 382500 |

## 4-9 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3) പ്രകാരം പ്രകാരം ഗ്രാമപ്പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർട്ടേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമപ്പഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | അവസാനം പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടിന്റെ വിവരം | | റിമാർക്സ് |
|---|---|---|---|---|
| 1 | ഗവ.ആയുർവേദ ആശുപത്രി ,അങ്ങാടിക്കൽ | 2016-17 | കെ.എസ്സ്.എ.പിററിഎ.പി3/113/18 തീ.27.01.2018 | - |
| 2 | പ്രാഥമികാരോഗ്യ കേന്ദ്രം ,ചന്ദനപ്പള്ളി | 2014-15 | കെ.എസ്സ്.എ.പിററിഎ.പി3/716/18 തീ.16.05.2018 | |
| 3 | ഗവ.ഹോമിയോ ആശുപത്രി ,കൊടുമൺ | 2011-12 മുതൽ 2015-16 വരെ | കെ.എസ്സ്.എ.പിററിഎ.പി3/221/16 തീ.08.03.2017 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 98136612 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 84277027 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1151147 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 982943 | ശ്രീ ജോഷാ ജേക്കബ്,സെക്രട്ടറി |
| 3-4 | 168204 | ശ്രീ ജോഷാ ജേക്കബ്,സെക്രട്ടറി |
| ആകെ | **1151147** | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ജോഷ്വാ ജേക്കബ്, സെക്രട്ടറി | സെക്രട്ടറി<br>കൊടുമൺ ഗ്രാമപ്പഞ്ചായത്ത് | പാറമിറ്റത്ത് ചിറയിൽ<br>ചെങ്ങമനാട് പി.ഒ<br>കൊട്ടാരക്കര<br>691557 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും നടത്തിയ അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-1999 | എൽ.എഫ്.പിറ്റിഎ.പി.2/181/04 തീയതി 06.01.2005 | 2 |
| 1999-2000 | എൽ.എഫ്.പിറ്റിഎ.പി.2/224/04 തീയതി 03.02.2005 | 5 |
| 2000-2001 | എൽ.എഫ്.പിറ്റിഎ.പി.2/535/04 തീയതി 03.03.2005/13.03.2005 | 12 |
| 2001-2002 | എൽ.എഫ്.പിറ്റിഎ.പി.2/550/04 തീയതി 03.03.2005 | 4 |
| 2002-2003 | എൽ.എഫ്.പിറ്റിഎ.പി.2/818/04 തീയതി 06.04.2005 | 4 |
| 2003-2004 | എൽ.എഫ്.പിറ്റിഎ.പി.2/272/05 തീയതി 24.01.2006 | 9 |
| 2004-2005 | എൽ.എഫ്.പിറ്റിഎ.പി.10/1137/07 തീയതി 06.12.2018 | 11 |
| 2005-2006 | എൽ.എഫ്.പിറ്റിഎ.പി.10/708/09 തീയതി 25.03.2010/15.07.2011 | 6 |
| 2006-2007 | എൽ.എഫ്.പിറ്റിഎ.പി.10/838/10 തീയതി 11.01.2013 | 10 |
| 2007-2008 | എൽ.എഫ്.പിറ്റിഎ.പി.10/766/011 തീയതി 15.01.2013 | 8 |
| 2008-2009 | എൽ.എഫ്.പിറ്റിഎ.പി.10/767/11 തീയതി 16.12.2011/17.01.2013 | 8 |
| 2009-10<br>&<br>2010-11 | എൽ.എഫ്.പിറ്റിഎ.പി.10/505/13 തീയതി 17.12.2013/07.01.2014 | 11 |
| 2011-12 | എൽ.എഫ്.പിറ്റിഎ.പി.10/506/13 തീയതി 17.12.2013/18.01.2014 | 23 |
| 2012-13 | എൽ.എഫ്.പിറ്റിഎ.പി.10/1086/14 തീയതി 06.05.2015/08.05.2015 | 21 |
| 2013-14 | എൽ.എഫ്.പിറ്റിഎ.പി.10/456/15 തീയതി 07.07.2015/21.07.2015 | 22 |
| 2014-15 | കെ.എസ്സ്.എ.പിറ്റിഎ/പി10/745/16 തീയതി 16.07.2016 | 9 |
| 2015-16 | കെ.എസ്സ്.എ.പിറ്റിഎ/പി10/95/17 തീയതി 31.03.2018 | 23 |
| 2016-17 | കെ.എസ്സ്.എ.പിറ്റിഎ/പി10/984/17 തീയതി 14.09.2017 | 18 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി10/1298(എ)/2018

തീയതി:16.10.2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ

ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രാമ പഞ്ചായത്തിന്റെ 2017-18വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കൊടുമൺ ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്
ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure-1

# AUDIT CERTIFICATE

No.K.S.A.PTA.P10/1298(A)/2018
Dated:16.10.2018

Certified that I have examined the Annual Financial Statement of Kodumon Grama Panchayat in Pathanamthitta District for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kodumon Gramma Panchayat for the year 2017-18 except the obeservations in my report properly presents the picture of income and expenditure.

Habeeb Mohammed
Deputy Director (H.G)
Kerala State Audit Department